# കുചേലസദ്ഗതി

(കൃഷ്ണഗാഥ)

*By*

Prof. **K. V. RAMACHANDRA PAI**

T 61
P 15

**SHING HOUSE**
**CHERRY-4**

# കുചേല സദ്ഗതി

11 APR 1977

# കുചേല സദ്ഗതി

(കൃഷ്ണഗാഥ)

DHARMARAM COLLEGE LIBRARY BANGALORE

*Edited by*

**Prof. K. V. RAMACHANDRA PAI M. A , B. T.**
**S. B. COLLEGE**
**CHANGANACHERRY**

DHARMARAM COLLEGE LIBRARY BANGALORE

PRICE Rs. 1.25

LILLY PUBLISHING HOUSE

CHANGANACHERRY-4

DHARMARAM COLLEGE LIBRARY
Ac. No. 37069
Call No. T61/P15

PRINTED AT

THE KERALA DIGEST PRESS

CHANGANACHERRY

1970

# അവതാരിക

കൃഷ്ണഗാഥാകർത്താവു്

പുരാതനസ്വത്തുക്കളധികമില്ലാത്ത മലയാളഭാഷയ്ക്കു് കൃഷ്ണഗാഥയെപ്പോലെ സാമാന്യം പഴക്കമുള്ള സാഹിത്യകൃതികൾ അമൂല്യനിധികളാണു്. ജനകീയ സാഹിത്യമെന്ന നിലയിലും, എഴുത്തച്ഛൻെറ കിളിപ്പാട്ടും നമ്പ്യാരുടെ തുള്ളലുംപോലെ കൃഷ്ണഗാഥ ഉന്നതസ്ഥാനമർഹിക്കുന്നു. വേദഭാഷയും ദേവഭാഷയുമായ സംസ്കൃതം വശമില്ലാത്ത സാധാരണക്കാരനു് വായിക്കാൻ വകയുണ്ടാക്കിക്കൊടുത്തതു് ഈ മൂന്നു കൃതികളുമാണല്ലോ. ഭാഷാകവിയെന്ന മിക്കവാറും അപകീൎത്തികരമായ അപരാഭിധാനം സ്വയമേ വരിച്ചു് അശരണരായ മലയാളിജനങ്ങളെ പരിചരിക്കാനൊരുമ്പെട്ട കൃഷ്ണഗാഥാകർത്താവിൻെറ സേവനം ഭാഷാചരിത്രകാരന്മാർക്കു് ഒരിക്കലും വിസ്മരിക്കാവതല്ല.

എന്നാൽ ഈ മഹാപുരുഷൻെറ ജീവചരിത്രം പോകട്ടെ നാമധേയമെങ്കിലും ഗ്രഹിക്കുവാൻ കൗതുകമുള്ളവർ നിരാശരാകയേ നിവൃത്തിയുള്ളൂ കേരളസാഹിത്യചരിത്രമെഴുതിയ ആർ. നാരായണപ്പണിക്കർ എഴുത്ത

ച്ഛൻ ഒരു നല്ല നായരായിരുന്നുവെന്നു സ്ഥാപിക്കുന്നതിന് വികാരഭരിതമായ വാദങ്ങൾ ഉന്നയിച്ചിട്ടുള്ളതുപോലെ കൃഷ്ണഗാഥാകർത്താവിനെ സംബന്ധിച്ചും ആരെങ്കിലും വാശിയോടെ വാദിച്ച് അന്യഥാ തെളിയിക്കുന്നതുവരെ അദ്ദേഹം ഒരു നമ്പൂതിരിയാണെന്നു വിശ്വസിക്കാമെന്നു തോന്നുന്നു. അതിലേക്കു ദുർന്നിവാരമായ പ്രേരണയാണ് നമ്പൂതിരിപ്ഫലിതമെന്നു സുപ്രസിദ്ധമായിരിക്കുന്ന ഗുണവിശേഷംകൊണ്ട് സർവ്വത്ര സമലംകൃതമായ ഈ കൃതിയുടെ രചനാരീതി നൽകുന്നത്.

> "പാലാഴിമാതുതാൻ പാലിച്ചുപോരുന്ന
> കോലാധിനാഥനുദയവർമ്മൻ
> ആജ്ഞയെച്ചെയ്കയാൽ"

താൻ കൃഷ്ണഗാഥ നിർമ്മിക്കുന്നുവെന്നു കവി തന്നെ ഗ്രന്ഥാരംഭത്തിൽ പ്രസ്താവിച്ചിരിക്കയാൽ കോലത്തിരിയായ ഉദയവർമ്മന്റെ ആശ്രിതരിലൊരാളായിരുന്നു ഈ നമ്പൂതിരിയെന്നു ഗവേഷണസാഹസംകൂടാതെ സിദ്ധിക്കുന്നു. എന്നാൽ ചെറുശ്ശേരി എന്നായിരുന്നു അദ്ദേഹത്തിന്റെ ഇല്ലപ്പേരെന്നു ഭാഷാചരിത്രകാരനായ പി. ഗോവിന്ദപ്പിള്ള ഊഹിച്ചപ്പോൾ വലിയ എതിർപ്പുണ്ടായി. കവനോദയപ്രവർത്തകരാണു വാദമാരംഭിച്ചത്. ഉത്തരകേരളത്തിൽ അന്വേഷിച്ചിട്ട് ചെറുശ്ശേരി എന്നൊരില്ലം ഉള്ളതായി അറിവില്ലെന്നാണ് അവരുടെ വാദത്തിലെ പ്രധാനാംശം. എന്നാൽ ഒരു കാലത്തും അങ്ങനെ ഒരില്ലമുണ്ടായിരുന്നില്ലെന്നു തീർത്തു പറവാൻ സാദ്ധ്യമല്ലെന്നും, മഹമ്മദീയാക്രമണത്തിൽ പല തകരാറുമുണ്ടായകൂട്ടത്തിൽ ചെറുശ്ശേരിഇല്ലം നശിച്ചിരിക്കാമെന്നും പി. കെ. നാരായണപിള്ള അഭിപ്രായപ്പെടുന്നു. കവനോദയക്കാരുടെ വിശ്വാസം കൃഷ്ണഗാഥാകർത്താവ് പു

നം നമ്പൂതിരിയാണെന്നാണ്. എന്നാൽ വളരെ ദുർബ്ബലമായ ഒരു യുക്തിമാത്രമേ അവക്ക് അവലംബമായിട്ടുള്ളു. അതായത് ചന്ദ്രോത്സവം എന്നൊരു കൃതിയുടെ ആരംഭത്തിൽ വാല്മീകി, വ്യാസൻ, കാളിദാസൻ, ഭാരതി, മുരാരി, ഭട്ടബാണൻ, പുനം, ശങ്കരൻ എന്നീ എട്ടു കവികളെ സ്തുതിച്ചു കാണുന്നതിൽ പുനം, മലയാളകൃതികളിൽവച്ചേററവും ശ്രേഷ്ഠമായ കൃഷ്ണഗാഥയുടെ കർത്താവായിരിക്കണം. ഒന്നാമത്തു്, ചന്ദ്രോത്സവത്തിലെ കവികളുടെ പട്ടിക പൂർണ്ണമല്ലെന്നും, രണ്ടാമത്തു്, ഒടുവിൽ പറഞ്ഞ ശങ്കരൻ ഗാഥാകർത്താവായ ചെറുശ്ശേരിനമ്പൂതിരിയാകാൻ പാടില്ലായ്കയില്ലെന്നും നിർദ്ദേശിച്ച് കവനോദയക്കാരുടെ മേല്പറഞ്ഞ അഭിപ്രായത്തെ പി. കെ. ദുർബ്ബലപ്പെടുത്തുന്നു. കൂടാതെ കോലത്തിരിരാജാവിൻെറ ആശ്രിതനായ കൃഷ്ണഗാഥാകർത്താവു് സാമൂതിരിപ്പാട്ടിലെ സദസ്യനായ പുനം നമ്പൂതിരിയാണെന്നു പറയുന്നവർ അക്കാലത്തെ രാജ്യചരിത്രം സ്മരിക്കുന്നില്ല. സാമൂതിരിയും കോലത്തിരിയും കലഹിച്ചു കഴിഞ്ഞുകൂടിയ അക്കാലത്തു് ആ രണ്ടു ശത്രുരാജാക്കന്മാരെയും ഒരേ സമയത്തു് നിർഭയം സേവിക്കാൻ അരക്കവിയായ പുനം ധൈര്യപ്പെട്ടിരിക്കുമോ? പുനം നമ്പൂതിരിയുടെ കൃതികളെന്നു സർവ്വസമ്മതമായ ചമ്പുക്കളിലെ ഭാഷയും കൃഷ്ണഗാഥയിലെ ഭാഷയും താരതമ്മ്യം ചെയ്യുന്ന ഒരു പണ്ഡിതനു് രണ്ടും ഒരാളുടേതെന്നു് തോന്നുവാനും വഴിയില്ല. ഈ വിഷയത്തിൽ ഒരു മദ്ധ്യസ്ഥൻെറ മട്ടിലാണ് അപ്പൻതമ്പുരാൻെറ അഭിപ്രായം:—''ചെറുശ്ശേരിയെന്നും പുനമെന്നും രണ്ടു തറവാടുകൾ ഉണ്ടായിരുന്നതിൽ ഒന്നു മററതിലേക്കു് ഒതുങ്ങിയെന്നു കേട്ടിട്ടുണ്ടു്. ഇങ്ങനെ സംഭവിച്ചതു് കൃഷ്ണഗാഥയുണ്ടാകുന്നതിനു മുമ്പായിരുന്നുവെന്നു വന്നാൽ 'ചെറുശ്ശേരി' എന്നതു് 'പുന'

ത്തിൻെറ പര്യായമായിട്ട് ഉപയോഗിക്കുവാൻ വിരോധമില്ല.''

ചെറുശ്ശേരി എന്ന പേർവെട്ടിയ താളിയോലഗ്രന്ഥങ്ങൾ കണ്ടിട്ടാണ് ഭാഷാചരിത്രകാരൻ അതിനെ ഗാഥാകർത്താവിൻെറ ഇല്ലപ്പേരായി നിർദ്ദേശിച്ചത്. വടക്കൻദിക്കുകളിൽ ആ നാമധേയം അത്ര പ്രസിദ്ധമല്ലായിരുന്നു. ക്രിസ്തുവർഷം 1872-ൽ അച്ചടിച്ച ഗുണ്ടർട്ടിൻെറ നിഘണ്ടുവിൽ ചെറുശ്ശേരി എന്ന പദത്തിന് The name of a book എന്ന് അർത്ഥം കൊടുത്തുകാണുന്നു. അതും ബെയ്ലിസായ്പ്പിനെ ആധാരമാക്കിയിട്ടാണു താനും. പല പ്രയോഗങ്ങൾക്കും കൃഷ്ണഗാഥയിൽ നിന്ന് ഉദാഹരണമുദ്ധരിച്ചിരിക്കുന്ന ഗുണ്ടർട്ട് ചെറുശ്ശേരി എന്ന നാമധേയവും കൃഷ്ണഗാഥയുമായി ഏതെങ്കിലും ബന്ധമുണ്ടെന്നു ധരിച്ചിരുന്നില്ലെന്നുള്ളതിനു നിഘണ്ടുവിൻെറ ഈ ഭാഗം മതിയായ തെളിവാകുന്നു. അതിനാൽ ഭാഷാചരിത്രകാരൻ ആദ്യമായി 'ചെറുശ്ശേരി'യെ ഇല്ലപ്പേരാക്കിയപ്പോൾ വടക്കർക്കു സംശയമുണ്ടായതിൽ അത്ഭുതമില്ല. എന്നാൽ ഗുണ്ടർട്ടിനെ ആസ്പദമാക്കി ചെറുശ്ശേരി എന്നതു ഗ്രന്ഥനാമമാണെന്നു വിശ്വസിച്ച് അതിൻെറ ആഗമത്തെപ്പററി ചിന്തിച്ച ചിലരുടെ ഊഹാപോഹങ്ങൾ വിചിത്രമായിട്ടുണ്ട്. അവരിൽ പ്രധാനനമായ കുണ്ടൂർ നാരായണമേനോൻെറ കവിസഹജമായ മനോധർമ്മം പോകുന്നതു നോക്കുക- "ചെറുശ്ശേരി എന്നതു 'ചെറുച്ചേരി'യിൽനിന്നുണ്ടായതാണ്. ഓണക്കാലത്തു് കൈയ്യാങ്കളിക്കു രണ്ടു ഭാഗമായി ആളുകൾ നില്ക്കുന്നതിന് രണ്ടു ചേരിയെന്നാണു പറയുന്നതു്. വടക്കൻപാട്ടു് ചേരിക്കളിയിൽ പാടുന്ന പാട്ടായിരുന്നുവെന്ന് വിചാരിപ്പാൻ ന്യായമുണ്ട്. അതിനാൽ അതിനു ചേരിപ്പാട്ടെന്നു പേരുകിട്ടി. കൃഷ്ണഗാഥ

യുടെ രീതി വടക്കൻപാട്ടിൻെറ രീതിയോട് വളരെ അടുപ്പമുള്ളതാണ്.

ഉദാ:- വടക്കൻപാട്ടിൻെറ മട്ട്.

തച്ചോള്ളിപ്പാലാട്ടെ കോമപ്പുണ്ണി
തച്ചോള്ളിപ്പാലാട്ടെ കോമപ്പുണ്ണി

കൃഷ്ണഗാഥയുടെ മട്ട്:

തച്ചോള്ളിപ്പാലാട്ടെ തച്ചോള്ളിപ്പാലാട്ടെ
തച്ചോള്ളിപ്പാലാട്ടെ കോമപ്പുണ്ണി

വടക്കൻപാട്ടിൻെറ ആദ്യത്തെ അടിയെ ഒടുവിലത്തെ നാലക്ഷരം കളഞ്ഞു ചെറുതാക്കി അതു രണ്ടുപ്രാവശ്യമുപയോഗിച്ച്, പിന്നെ രണ്ടാംവരി യാതൊരു ഭേദവും കൂടാതെ ഉപയോഗിക്കുന്നതാണ് ചെറുശ്ശേരിരീതി.

കണ്ടൂരിൻെറ ഈ അഭിപ്രായപ്രകാരം ചെറുശ്ശേരി പദം വൃത്തവാചിയാണ്. അതായത്, കുചേലവൃത്തം വഞ്ചിപ്പാട്ട്, സന്താനഗോപാലം പാന എന്നതുപോലെ 'കൃഷ്ണഗാഥാചെറുശ്ശേരി' എന്നും പറയാം. കൃഷ്ണഗാഥാവൃത്തത്തിൽതന്നെ എഴുതിയിരിക്കുന്ന ഭാരതഗാഥയെ ചെറുശ്ശേരിഭാരതമെന്നു വിളിച്ചുവരുന്നത് ഇതേ അർത്ഥത്തിലാണെന്നു കണ്ടൂർപക്ഷത്തിനു വാദിക്കാവുന്നതാണ്. എന്നാൽ വടക്കൻപാട്ടിനെ ചേരിപ്പാട്ടെന്നുകൂടി പറയുമെന്നതു കേവലം ഊഹം മാത്രമാകുന്നു. ആ ഊഹത്തിന്മേൽ തൂങ്ങിനിന്നു്, വാസ്തവത്തിൽ വലുതാക്കിയ വൃത്തത്തെ ചെറുതാക്കിയെന്നു വാദിക്കുന്നതു വിചിത്രമായിരിക്കുന്നു.

ഏതാനും കൊല്ലങ്ങൾക്കുമുമ്പ് ചിറയ്ക്കൽ ബാലകൃഷ്ണൻനായർ ഇതു സംബന്ധിച്ച ചില ഗവേഷണം നടത്തിയതിൽനിന്നു്, ചെറുശ്ശേരി എന്നൊരില്ലമുണ്ടായിരുന്നെന്നും അവിടുത്തെ ഒരു ഉണ്ണിനമ്പൂരിയെ പുനത്തി

ലില്ലത്തേകള ദത്തെടുത്തതായി ഐതിഹ്യമുണ്ടെന്നും കൃഷ്ണഗാഥ പുനത്തിൽ ശങ്കരൻനമ്പൂതിരി രചിച്ചതാണെന്നു ചില താളിയോലഗ്രന്ഥങ്ങളിൽ കാണുന്നുവെന്നും മററും മനസ്സിലാകുന്നു. അപ്പൻതമ്പുരാൻെറയും പി. കെ. യുടേയും ഊഹങ്ങൾക്ക ബലംനൽകുന്ന തെളിവുകളാണിവ. ഏതായാലും ഗുണ്ടർട്ടിൻെറ നിഘണ്ടുവിൽ കാണുന്ന അവ്യക്തതയും താളിയോലഗ്രന്ഥങ്ങളിൽ വടക്കും തെക്കും ഭിന്നമായി പേർ വെട്ടിയിരിക്കുന്നതുമെല്ലാം കൂടി ചെറുശ്ശേരിയെ ഒരു കീറാമുട്ടിയാക്കിത്തീർത്തിട്ടുണ്ടു്.

കൃഷ്ണഗാഥാകർത്താവിൻെറ കാലം നിസ്സംശയം നിർണ്ണയിക്കുവാൻ സഹായിക്കുന്ന തെളിവുകൾ ഇനിയും കിട്ടേണ്ടതായിട്ടാണിരിക്കുന്നതു്. കൊല്ലവർഷം 650നും750നും മദ്ധ്യേ ആയിരിക്കണം അദ്ദേഹത്തിൻെറ ജീവിതകാലം എന്നു ഭാഷാചരിത്രകാരൻ ഊഹിക്കുന്നു. ഭാഷാരീതി നോക്കിയാൽ ആ മതം, സൂക്ഷ്മനിർണ്ണയത്തിനൊരുമ്പെട്ടിരിക്കുന്ന മററു ചിലരുടെ യുക്തികളേക്കാൾ സ്വീകാരയോഗ്യമാണു്. ഗ്രന്ഥത്തിൻെറ ഘട്ടാവസാനങ്ങളിൽ കാണുന്ന 'കൃതായാം കൃഷ്ണഗാഥായാം' എന്ന ശ്ലോകത്തിൽ 'തായാം കൃഷ്ണഗാഥായാം' എന്ന ഭാഗം കലിദിനവാക്യമാണെന്നും അതിൻപ്രകാരം ഗാഥ രചിച്ചതു് 825-ാമാണ്ടാണെന്നു നിശ്ചയിക്കാമെന്നും ഒരു വാദമുണ്ടെങ്കിലും അതു സമ്മതിക്കുന്നതിനുമുമ്പു് ഒന്നുരണ്ടു സംശയങ്ങൾക്ക സമാധാനം കിട്ടേണ്ടിയിരിക്കുന്നു. ഒന്നാമതു് 'കൃ' എന്ന അക്ഷരം മുറിച്ചുതള്ളി 'തായാം' തുടങ്ങിയാണു് കലിദിനസൂചന കൊടുത്തിരിക്കുന്നതെന്നു് പെട്ടെന്നങ്ങു വിശ്വസിക്കുവാൻ സാധാരണ കവിസമ്പ്രദായവുമായി പരിചയമുള്ളവരിൽ അധികംപേർ കാണുകയില്ല. രണ്ടാമതു്, ഈ ഭാഗം കലിദിനവാചിയാണെങ്കിൽ, എല്ലാ ഘട്ടവിരാമത്തിലും ഒരേ വാക്യം

ആവത്തിക്കുന്നതിനാൽ ഗ്രന്ഥം മുഴുവനും ഒരു ദിവസം കൊണ്ടു് എഴുതിത്തീൎന്നുവെന്നൊരു അസംഭവ്യത്തെ അനുമാനിക്കേണ്ടിവരുന്നു.

മേൽപ്പറഞ്ഞ കാലനിർണ്ണയത്തിനെതിരായി പി. കെ. നാരായണപിള്ള അവതരിപ്പിച്ചിരിക്കുന്ന ഒരു യുക്തികൂടി പ്രസ്താവ്യമാണു്. 890-ാമാണ്ടിടയ്ക്കു് പകത്തിയെഴുതിയ ഒരു കൃഷ്ണഗാഥാഗ്രന്ഥം തിരുവല്ലാനിന്നു കണ്ടുകിട്ടിയിട്ടുണ്ടെന്നും വടക്കു് എഴുതപ്പെട്ട ഒരു കൃതിക്കു് തിരുവല്ലായിൽ ആരെങ്കിലും പകത്തിയെഴുതത്തക്ക പ്രചാരം ലഭിക്കണമെങ്കിൽ പത്തിരുന്നൂറുകൊല്ലത്തെ കാലതാമസം വേണ്ടിവരുമെന്നും അതിനാൽ 825-ൽ കൃഷ്ണഗാഥ രചിക്കപ്പെട്ടുവെന്നതു് വിശ്വാസയോഗ്യമല്ലെന്നുമാണു് പി. കെ. യുടെ വാദം. എന്നാൽ ഈ യുക്തിയിൽ ദൃഢമായി വിശ്വസിക്കുവാൻ പാടില്ലാത്തവണ്ണം അദ്ദേഹത്തിൻെറതന്നെ വേറെ ഒരു അഭിപ്രായം തടസ്സമായിരിക്കുന്നു. അതായതു്, ആയിരാമാണ്ടേയ്ക്കു മുമ്പു് ഉത്തരകേരളത്തിലെ ഏതാനും ബ്രാഹ്മണകുടുംബക്കാർ തിരുവല്ലാത്താലൂക്കിൽ കുടിയേറിപ്പാർത്തതായി പ്രകരണാന്തരത്തിൽ പി. കെ. പറഞ്ഞിരിക്കുന്നകാര്യം പ്രസ്തുത വാദഗതിയെ ഒരംകുശംപോലെ ബാധിക്കുന്നു.

ഉദയവർമ്മ കോലത്തിരിയുടെ ആശ്രിതനായിരുന്ന കവിയുടെകാലം ആ രാജാവിൻെറ കാലംതന്നെയാണല്ലോ. എന്നാൽ 'ഉദയവൎമ്മൻ' എന്നതു് കോലത്തിരികളുടെ മാറാപ്പേരായിരുന്നു. ഗ്രന്ഥത്തിൽ പരാമൃഷ്ടനായ ഉദയവൎമ്മൻ ഏതെന്നു നിർണ്ണയിക്കുവാൻ ഒരു വഴിയുമില്ല.

കൃഷ്ണഗാഥയിലെ ഭാഷാരീതിക്കു് എഴുത്തച്ഛൻെറ കിളിപ്പാട്ടിനേക്കാളും ചമ്പുക്കളേക്കാളും അല്പം പഴ

ക്കുള്ളതല്ലുണ്ടെന്നു വിചാരിക്കുന്നതിൽ യുക്തിഭംഗമില്ല. കൊല്ലവർഷം 560-നുശേഷം എഴുതിയതെന്നു പണ്ഡിതന്മാർ വിശ്വസിക്കുന്ന 'ലീലാതിലകം' എന്ന സാഹിത്യശാസ്ത്രഗ്രന്ഥത്തിൽ പാട്ടിനെപ്പററി പറയുന്ന ഭാഗത്തു് കൃഷ്ണപ്പാട്ടിനെ പരാമർശിച്ചുകാണാത്തതിനാൽ അതിനു പിമ്പാണു് ചെറുശ്ശേരിയുടെ കാലമെന്നു് ഏതാണ്ടു് ന്യായമായി വാദിക്കാം. അതിനാൽ ഭാഷാചരിത്രകാരൻെറ ഊഹംതന്നെയാണു് നിരൂപകനു് തല്ക്കാലം സ്വീകാര്യമായിരിക്കുന്നതു്.

കൃഷ്ണഗാഥ

കൃഷ്ണഗാഥ അഥവാ കൃഷ്ണപ്പാട്ടു് ഭാഗവതം ദശമസ്കന്ധത്തിൻെറ വിവർത്തനമാണെങ്കിലും വാസനാവൈഭവംകൊണ്ടു് അനുഗൃഹീതനായ ഒരു സ്വതന്ത്രകവിയുടെ വ്യക്തിമുദ്രയാൽ സവിശേഷം സുന്ദരമാക്കപ്പെട്ട കൃതിയാകുന്നു. ഭക്തിപ്രധാനമായിരിക്കുന്ന ഭാഗവതത്തിലെ ഏതെങ്കിലും ഭാഗങ്ങൾ സാഹിത്യരസത്തിനു് അത്യന്താപേക്ഷിതമല്ലെന്നു കണ്ടാൽ അവയെ ഉപേക്ഷിച്ചും ചില ഭാഗങ്ങളിൽ കൂടുതൽ പ്രകാശം വിഴ്ത്തി രസപോഷണംചെയ്തും സർവ്വോപരി കൃതിക്കു് ആകെപ്പാടെ ഒരു കേരളീയത്വം വരുത്തിയുമാണു് നമ്പൂതിരിയുടെ പോക്കു്. ഭക്തനും വിനീതനുമാണു് കവിയെന്നു് ഗ്രന്ഥത്തിൻെറ ആദിയിൽ കാണുന്ന ഭഗവൽസ്തുതികളും മററും നിസ്സംശയം വിളമ്പരംചെയ്യുന്നു. എന്നാൽ കേവലം ഭക്തിലഹരിയിൽ മുങ്ങി ഇതരരസങ്ങളെയും ഭക്തി കുറഞ്ഞ അനുവാചകരേയും വിസ്മരിക്കുന്ന അരസികതയിലേക്കു് അദ്ദേഹം ഒരിക്കൽപോലും വഴുതിവീഴുന്നില്ല.

കൃഷ്ണഗാഥയിലെ ഏതാനും വരികൾ മാത്രം വായിച്ചിട്ടുള്ളവരെയും അതിലെ പരിഹാസത്തിൻെറ

ആസ്വാദ്യത പ്രത്യേകം ആകർഷിക്കാതിരിക്കുകയില്ല. എന്നാൽ ഈ ഹാസവിലാസം പിൽക്കാലത്തു് കുഞ്ചൻ നമ്പ്യാരുടെ കൃതികളിൽ യുവാവിനെപ്പോലെ സോന്മേഷം തുള്ളിക്കളിക്കുന്നെങ്കിൽ ചെറുശ്ശേരിയുടെ ഗാഥയിൽ ശിശുവിനെപ്പോലെ മന്ദമായി ഇഴഞ്ഞുനടക്കുന്നതേയുള്ളു. ജീവിതത്തിൻെറ സാരാംശം ഗ്രഹിക്കാതെ മരീചികാവഞ്ചിതരായ ആളുകളോടുള്ള കവിയുടെ അനുകമ്പ വിനോദഹാസരൂപത്തിൽ പ്രത്യക്ഷപ്പെട്ടു ഫലിതമായിത്തീരുന്ന അനേകം സന്ദർഭങ്ങൾ കൃഷ്ണഗാഥയിൽ കാണാവുന്നതാണു്. ഗ്രന്ഥാരംഭത്തിലെ പ്രസ്താവനയിൽനിന്നുതന്നെ ഒരു ദൃഷ്ടാന്തമുദ്ധരിക്കാം. മററുള്ളവരുടെ ഗോഷ്ടികൾ കണ്ടു ചിരിക്കുന്ന കവിക്കു് തൻെറ ഗോഷ്ടികളിലേക്കു ദൃഷ്ടിചെല്ലുന്ന ഒരു സരസഭാഗമാണുള്ളതു്. ഭാഗവതം ഗാഥയാക്കിട്ടു ചമയ്ക്കുന്ന തൻെറ ഉദ്യമം അത്ര നിർദ്ദോഷമായിരിക്കയില്ലെന്നുറപ്പുള്ള വിനീതനായ കവി അതിനെ ന്യായീകരിക്കുന്ന വിധം നോക്കുക:—

സംസാരമോക്ഷത്തിൻ കാരണമായതോ
വൈരാഗ്യമെന്നല്ലൊ ചൊല്ലിക്കേൾപ്പൂ
എന്നതുതന്നെ വരുത്തിനിന്നീടുവാ-
നിന്നിതുതന്നെ ഞാൻ നിർമ്മിക്കുന്നു.

... ... ... ... ... ...

നിർഗ്ഗുണനായുള്ളൊരീശനെക്കൊണ്ടല്ലോ
നിർഗ്ഗുണമായതു ചേരുമപ്പോൾ

ഐഹികത്തോടു വിരക്തി (വൈരാഗ്യം) തോന്നിയിട്ടാണു പ്രപഞ്ചത്തിൽനിന്നു് മോക്ഷം കിട്ടുന്നതു്. അപ്പോൾ വായനക്കാർക്കു വേണ്ടതു വൈരാഗ്യം. ഈ കൃതി നിർഗ്ഗുണമാകയാൽ നോക്കുന്നവർക്കൊക്കെ വിരക്തി (വെറുപ്പു്) യുണ്ടാകുമെങ്കിൽ തൻെറ കൃതി ഉത്തമമായ മോക്ഷസാ

ധനമാകുമല്ലോ; നിർഗ്ഗുണനായ ഈശ്വരൻെറ ലീലയെ വസ്തുവാക്കിയിരിക്കുന്ന കാവ്യം നിർഗ്ഗുണമാകുന്നതിൽ വലിയ യോജിപ്പുമുണ്ട്—എന്നിങ്ങനെയുള്ള കവിയുടെ യുക്തിയിൽ നേരിയ പരിഹാസം ശാന്തമായി തലപൊക്കിക്കാണുന്നു. വേറെയൊരുദാഹരണമാണ് സുഭദ്രാജ്ജുനന്മാരുടെ അനുരാഗപരിഭ്രമത്തെ വർണ്ണിക്കുന്ന വിനോദരംഗം. മുല്ലബാണമേററു വല്ലാതെ വശംകെട്ട കന്യക സന്യാസിക്കു ഭിക്ഷയിടുമ്പോൾ പല അവതാളങ്ങളും നേരിടുന്ന കൂട്ടത്തിൽ പഴം കളഞ്ഞു പഴത്തൊലി വിളമ്പുന്നു. അനംഗബാധ ഒട്ടും കുറവല്ലാത്ത അജ്ജുനനാകട്ടെ, പാവം, പഴത്തൊലി മുഴവനും തിന്നുകയും ചെയ്യുന്നു! അനുരാഗ പരാധീനരായ യുവതീയുവാക്കന്മാരെക്കാണുമ്പോൾ പ്രൗഢമതികൾക്കുണ്ടാകുന്ന അനുകമ്പാപൂരിതമായ മന്ദഹാസമാണല്ലോ ഈ വാഴപ്പഴക്കുഴപ്പത്തിൽക്കൂടി സ്ഫുരിക്കുന്നത്. വത്സസ്തേയത്തിൽ തന്നെ പരീക്ഷിക്കാനെത്തിയ ബ്രഹ്മാവിനെ പുളിശ്ശേരി കുടിപ്പിച്ചശേഷം കപടപടുവായ ഉണ്ണിക്കൃഷ്ണൻ ഒന്നുമറിയാത്തമട്ടിൽ സങ്കടം പറയുന്നതു് ചെറുശ്ശേരിപ്ഫലിതത്തിൻെറ വേറൊരു മാതൃകയാകുന്നു. 'വൃദ്ധന്മാരായോർ കളിച്ചുതുടങ്ങിനാൽ മുഗ്ദ്ധരാം ഞങ്ങളിന്നെന്തേ വേണ്ടു?' എന്നു ചോദിച്ചപ്പോൾ മായാമാനുഷൻെറ മുഖത്തു മുളച്ച ഹാസംതന്നെയാണ് കവിയുടെ പരിഹാസരസികത്വത്തിൻേറയും മാനദണ്ഡം. കണ്ണു കുഴിഞ്ഞു വയറൊട്ടി കാലു നീണ്ട ആ അസ്ഥിക്കൂടത്തെ—അതായതു് കുചേലനെ—നിർദ്ദയം കളിയാക്കുന്നതു മഹാപാപമാണെങ്കിലും, ഹാസകേളി പുണ്യമായിക്കരുതുന്ന ചെറുശ്ശേരി കിട്ടിയ അവസരം പാഴാക്കാതെ ആ മഹാവിപ്രൻെറ ബീഭത്സരൂപത്തെ വർണ്ണിച്ചാനന്ദിക്കുന്നു രുക്മിണിയെ ആദ്യമായിക്കാണുമ്പോൾ പല ഗോഷ്ഠി

കളും കാട്ടുന്ന രാജാക്കന്മാരുടെ കൂട്ടത്തിൽ 'പണ്ടുപിറ ന്നപോലെ നിന്നുവിളങ്ങുന്ന മന്നവ'ൻെറ നേരേ ചെല്ലു ന്ന ദൃഷ്ടി എപ്രകാരമായിരിക്കുമെന്നു് നിർണ്ണയിക്കാമ ല്ലോ. ഗോപികാദുഃഖത്തിൽ സ്ത്രീകളുടെ പൊങ്ങച്ച ത്തെപ്പരിഹസിക്കുവാൻ കിട്ടിയ അവസരം ചെറുശ്ശേരി ശരിക്കും ഉപയോഗിച്ചിട്ടുണ്ടു്.

അടുത്തതായി ഏതാനും സംഗതികൾ ഗ്രഹിക്കുവാ നുള്ളതു് ഈ കാവ്യത്തിൻെറ രീതിവിശേഷത്തെക്കുറി ച്ചാണു്. കവി കഴിയുന്നത്ര ശുദ്ധ മലയാളപദങ്ങൾത ന്നെ പ്രയോഗിക്കണമെന്ന നിഷ്ക്കർഷത്തോടെ കരു തിക്കൂട്ടി പുറപ്പെട്ടിരിക്കുന്നതായി തോന്നുന്നു. എന്നു മാ ത്രമല്ല, സംസ്കൃതകാവ്യാഭ്യാസം ചെയ്തു പണ്ഡിതനാ യിത്തീൎന്ന ഒരു സരസൻനമ്പൂതിരി ഏതോ കാരണ വശാൽ ഭാഷയായും ഗാഥയായും ചൊല്ലുന്നതിനു മനഃ പൂർവ്വം സാഹസപ്പെടുന്ന ഒരു ശ്വാസംമുട്ടൽ പലേടത്തും കാണുന്നുണ്ടെന്നു പറയാതെതരമില്ല. അതിനാൽ ഭാഗ വതം ദശമത്തെ 'ആളന്തി'രാഗത്തിൽ പാട്ടാക്കണമെ ന്നു ഉദയവൎമ്മകോലത്തിരി ആവശ്യപ്പെട്ടതനുസരിച്ചാ ണു് ചെറുശ്ശേരി ഈ കൃതി നിൎമ്മിച്ചതെന്നുള്ള ഐതി ഹ്യം വിശ്വസിക്കാനാണു ന്യായമുള്ളതു്. മഞ്ജരിവൃത്ത ത്തിൽത്തന്നെ ദീർഘമായി ഉപന്യസിക്കേണ്ടിവന്ന തിൽ കവി ചിലേടത്തു തട്ടുകയും മുട്ടുകയും ചെയ്യുന്നു ണ്ടെന്നും സ്വാതന്ത്ര്യമായി വിട്ടിരുന്നെങ്കിൽ അദ്ദേഹത്തി ൻെറ വാഗ്വിലാസം 'സ്വൎഗ്ഗാരോഹണ'ത്തിൽ കാണും പോലെ നിരൎഗ്ഗളനൃത്തംചെയ്യുമായിരുന്നെന്നും തോന്നു ന്നില്ലയോ? മട്ടുമാറുന്ന കാര്യത്തിൽ എഴുത്തച്ഛൻ കുറെ യൊക്കെയും നമ്പ്യാർ പരിപൂർണ്ണമായും അനുഭവിച്ചിരു ന്ന സ്വാതന്ത്ര്യം ചെറുശ്ശേരി സ്വയം ഉപേക്ഷിക്കുകയോ ഉപേക്ഷിക്കുവാൻ നിർബന്ധിതനാകുകയോ ചെയ്തതു്

ഭാഗ്യദോഷമായിപ്പോയി. ഒരേ വൃത്തത്തിൽ ദീർഘമായി പദ്യനിർമ്മാണംചെയ്യുക സംസ്കൃതത്തിൽപ്പോലും വിഷമവും വിരസവുമായിരിക്കെ പദദരിദ്രയായ മലയാളഭാഷയിൽ പ്രാസദീക്ഷയോടുകൂടി അപ്രകാരം ചെയ്യുകയെന്ന പ്രയത്നത്തിന്റെ ഗുരുത്വത്തെപ്പററി അല്പം ചിന്തിച്ചാൽ കൃഷ്ണഗാഥയിലെ പല അസുന്ദരപ്രയോഗങ്ങളും ക്ഷന്തവ്യമായിത്തീരും. മിക്കപ്പോഴും നിർബാധമായി പ്രവഹിക്കുന്ന നമ്പൂതിരിയുടെ വചഃപ്രസരം ചിലപ്പോൾ

ആസന്നമാമപ്രഭാസമാം തീർത്ഥത്തിൽ
വാസവനന്ദനനായവൻ താൻ
പോയങ്ങുചെന്നപ്പോഴാദരവിൽ ഗദ-
നായൊരുയാദവൻതാനും ചെന്നാൻ
(സൗഭദ്രികകഥ)

ചേദിപനായൊരു വീരനു ഞാനിന്നു
ചൊവ്വോടെ നൽകേണമെൻ മകളെ
എന്നങ്ങുചൊല്ലി മുതിർന്നുതുടങ്ങിനാൻ
കുണ്ഡിനപാലകനായ വീരൻ
(രുക്മിണീസ്വയംവരം)

കണ്ണനായുള്ളൊരു നൽവിളക്കങ്ങനെ
തിണ്ണം മറഞ്ഞങ്ങുപോയനേരം
ദുഃഖമായുള്ളോരിരുട്ടുവന്നുള്ളത്തി-
ലൊക്കവേയങ്ങുപരന്നുതായി.
(ഗോപികാദുഃഖം)

എന്നതുപോലെ വൃത്തപൂരണത്തിനും പ്രാസനിർബന്ധത്തിനും വഴങ്ങി ഇഴഞ്ഞ മട്ടിലാണു പുരോഗമിക്കുന്നതു്. 'ബന്ധുവായ്നിന്നൊരു', 'മുങ്ങിനിന്നീടുന്ന', 'വിളങ്ങിനിന്നാർ', ഗ്രീഷ്മമായ് നിന്നുള്ളോൻ' എന്നിങ്ങനെ ആവശ്യമില്ലാതെ 'നിന്നീടുക' ചേർത്തും, 'മാരനിന്നാരാനുംതീനിട്ടാരേ', മീണ്ടുവാൻ വല്ലാതെ നിന്നാ

നൊട്ടേ', 'വേദന പൂണ്ടമാറായി ഞാനോ', ഗോഷ്ഠിയായ് വന്നീടും സന്യാസിക്കോ' എന്നിങ്ങനെ 'ഏ', 'ഓ', തുടങ്ങിയ നിപാതങ്ങളുടെ താങ്ങലിലും ക്രിയാപദങ്ങൾ പ്രയോഗിക്കുന്നതു് ആക്ഷം ഇഷ്ടമാകുമെന്നു തോന്നുന്നില്ല. തിണ്മ, പിച്ച, മാൺപു്, നണ്ണി ആദിയായി ഇപ്പോൾ പ്രചാരമില്ലാത്ത അനേകം പദങ്ങൾ അന്നു പ്രചാരത്തിലിരുന്നവയാവാം എന്നു സമാധാനിക്കാം.

ഗാഥാകാരൻെറ അലങ്കാരപ്രയോഗം സഹൃദയശ്രദ്ധയെ അസാമാന്യമായി ആകർഷിക്കത്തക്കവിധം പ്രചുരവും പ്രസാദഗുണയുക്തവുമാണു്. ശബ്ദാലങ്കാരത്തെ അർത്ഥത്തിനുവേണ്ടിപ്പോലും എങ്ങും ഉപേക്ഷിച്ചിട്ടില്ല. അർത്ഥാലങ്കാരങ്ങൾ ഒന്നാംകിടയിൽ പെടുന്നവ ഒരു നല്ല സംഖ്യയുണ്ടു്: അവയിൽ ഉൽപ്രേക്ഷാരീതിയിലുള്ള സാദൃശ്യഭാവനകളുടെ ഭംഗിയൊന്നു പ്രത്യേകവുമാണു്. ഉദാഹരണമായി ശ്രീകൃഷ്ണനെക്കണ്ടാനന്ദിക്കുന്ന കുണ്ഡിനനഗരിയുടെ വർണ്ണനത്തിൽ

പ്രാസാദംതന്നിലേവാതായനങ്ങളും
വാതിലുമെല്ലാം തുറക്കയാലേ
മണ്ഡനംകൊണ്ടെങ്ങും മണ്ഡിതമായൊരു
കുണ്ഡിനമാകിന മന്ദിരവും
കാർവർണ്ണൻതന്നുടെ കാന്തിയെ കണ്ടിട്ടു
കൺമിഴിക്കുന്നിതോയെന്നുതോന്നും

എന്നിങ്ങനെയും, പതിനാറായിരത്തെട്ടുപേരുടെ കാമുകനായ ലക്ഷ്മീകാന്തൻ ചങ്ങാതിയായ കുചേലബ്രാഹ്മണനെ സ്വീകരിക്കുന്ന ഭാഗം വർണ്ണിക്കുന്നേടത്തു്,

"അസ്ഥികളേററു ചുമന്നുചമഞ്ഞിത-
ങ്ങച്യുതൻ പൂവൽമെയ് പാരമപ്പോൾ
മേദിനീദേവനിൽ മേവുന്ന രാഗംത-
ന്മേനിയിൽക്കൂടിപ്പരന്നപോലെ"

എന്നിങ്ങനെയും, സുഭദ്രയുടെ സൗന്ദര്യത്തെ വർണ്ണിക്കു മ്പോറം,

സാരമായുള്ളൊരു ലാവണ്യപൂരത്തെ-
പ്പൂരിച്ചുകൊണ്ടൊരു ഭാജനത്തിൽ
മാനിനിതന്നുടെയാനനമിങ്ങനെ
മാനിച്ചുനിന്നു ചമച്ചുപിന്നെ
ശേഷിച്ചുനിന്നൊരു ലേശത്തെക്കൊണ്ടുടൻ
ദോഷത്തെക്കൈവിട്ടൊരാനനത്തെ
പിന്നെയും നിർമ്മിച്ചുനിന്നൊരുനേരത്ത-
തിന്ദുതൻമണ്ഡലമായ്ച്ചമഞ്ഞു.

എന്നിങ്ങനെയും പ്രത്യക്ഷപ്പെടുന്ന മനോധർമ്മവിജൃംഭണം എത്ര ആഹ്ലാദജനകമായിരിക്കുന്നു. എന്നാൽ കൃഷ്ണഗാഥയിലെ അലങ്കാരങ്ങളെല്ലാം ആസ്വാദ്യമായിരിക്കുന്നു, എന്നു മാത്രമല്ല ഇത്രയ്ക്ക് അലങ്കാരചമത്ക്കാരമുള്ള കൃതി ഭാഷയിൽ വേറെയുണ്ടായിട്ടില്ല എന്നുകൂടി പ്രശംസിക്കുന്നവരോടു പരിപൂർണ്ണമായി യോജിക്കാമെന്നു തോന്നുന്നില്ല. എന്തെന്നാൽ അലങ്കാരം ധാരാളമുപയോഗിക്കുന്നതും ആവശ്യത്തിനുപയോഗിക്കുന്നതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഔചിത്യത്തിനു ഹാനിസംഭവിക്കുന്നില്ലയോ എന്ന സംശയത്തിനവകാശം തരുന്ന അലങ്കാരപ്രചുരിമ കൃഷ്ണഗാഥയുടെ ചില ഭാഗങ്ങളെ തെല്ലൊന്നു മലിനപ്പെടുത്തിയിരിക്കുന്നുവെന്നു് താഴെപ്പറയുന്ന ഉദാഹരണങ്ങറം തെളിയിക്കും.

ഗ്രീഷ്മവർണ്ണനത്തിൽ,

ആഹാരമായതിക്കാലത്തിനോക്കുമ്പോറം
നീഹാരമെന്നങ്ങുവന്നുകൂടും
നീഹാരമിന്നിങ്ങുകാണ്മതില്ലേതുമേ
ആഹാരംകൂടാതെയാരുമില്ലേ

ഹേമന്തവർണ്ണനത്തിൽ

സുന്ദരമായുള്ള ചന്ദ്രശിലാതല-
മെന്നമേവേണ്ടിതില്ലാക്കുമിപ്പോഠം
സങ്കടമാണ്ടൊരുവൈധവ്യമാണ്ടുള്ള
മങ്കമാർകൊങ്കകളെന്നപോലെ

ഉദ്ധവദൂതൃത്തിൽ

ഭക്തിയെപ്പൂണ്ടുകൊണ്ടോരുനേരത്തു
നിദ്രതാൻ മണ്ടിനാഠം ദൂരദൂരം
തന്നുടെ കാമുകനന്യയെപ്പൂണുമ്പോഠം
ഖിന്നമാരാമല്ലോ മാനനിമാർ.

ഈ മാതിരി അലങ്കാരപ്രയോഗങ്ങളെയും ശ്ലാഘിക്കുന്നവരുണ്ടെങ്കിൽ അവരെ*സതൃണാഭ്യവഹാരികളെന്നു ധരിക്കയേവേണ്ടു. സന്മാർഗ്ഗലംഘനം ചെയ്യുന്ന സാഹസികന്മാരെ നാം വെറുക്കുന്നുവെങ്കിൽ ആ വകക്കാരെ ദൃഷ്ടാന്തമാക്കി ഹേമന്തബാധിതരേയും കൃഷ്ണഭക്തന്മാരേയും വർണ്ണിക്കുന്ന കവിയോടു നമ്മുടെ മനോഭാവമെന്തായിരിക്കും? ചെറുശ്ശേരിയുടെ ''രാസക്രീഡ' വായിക്കുമ്പോഠം നീരസവ്രീഡയോടെ മുഖം ചുളുക്കാത്തവർ ചുരുങ്ങും. കവിയുടെ സംസ്കാരത്തിനു ലാഘവംചേക്കുന്ന ഏതാദൃശമനോധർമ്മവിലാസത്തിൽ ഖേദിക്കാതെ തരമില്ല.

മൃച്ഛകടികം എന്ന നാടകത്തിലെ നായകനായ ചാരുദത്തനു് ഏതെങ്കിലുമൊരു ന്യൂനതയുണ്ടെങ്കിൽ അതു് അദ്ദേഹം വസന്തസേനയെന്ന ഗണികാപുത്രിയിൽ അനുരക്തനാകുന്നുവെന്നതാണു്. അതിനെപ്പററി ചാരുദത്തൻതന്നെ ഒരവസരത്തിൽ "ഇതു യൗവനത്തിൻെറ

---

*സതൃണാഭ്യവഹാരി—പുല്ലുകലൎന്ന അഭ്യവഹാരം(ഭക്ഷണം) കഴിക്കുന്നവൻ: സദസദ്വിവേകമില്ലാത്തവൻ. (വാമനാചാര്യൻെറ പ്രയോഗം.)

ദോഷമെന്നല്ലാതെ ചാരിത്രത്തെ സ്പർശിക്കയില്ല.'' എന്നു് ആത്മസാധൂകരണം ചെയ്യുന്നുണ്ടു്. അതുപോലെ ചെറുശ്ശേരിയുടെ കൃതിയിൽ കാണുന്ന മേല്പറഞ്ഞ മാതിരി ദുഷ്ടമായ ഭാഗങ്ങളിൽനിന്നു് അദ്ദേഹം ദുശ്ചരിതനായിരുന്നുവെന്നു് ശങ്കിക്കേണ്ട കാര്യമില്ല; അദ്ദേഹത്തിന്റെ അസഭ്യതാനിവ്വിശേഷമായ ശൃംഗാരം ചാരിത്രത്തെ സ്പർശിക്കാത്ത നമ്പൂതിരിചാപല്യമായിക്കരുതിയാൽ മതി: മററനേകം സന്ദർഭങ്ങളിൽനിന്നു തെളിയുമ്പോലെ ഗാഥാകർത്താവു് ഒരു പരമഭാഗവതനായിരുന്നുവെന്ന വിശ്വാസത്തിനാണു പ്രാബല്യം. അല്ലെങ്കിൽത്തന്നെ, തീർത്തും നിഷ്കളങ്കനായ ഒരു പുരുഷനും തീർത്തും അനവദ്യമായ ഒരു കൃതിയും ഏതു പാലാഴിമഥിച്ചാലാണു കിട്ടുവാൻപോകുന്നതു്?

കുചേലഗതി

കൃഷ്ണഗാഥയിലെ ഏററവും ഭക്തിപ്രധാനങ്ങളായ ഉപാഖ്യാനങ്ങളിലൊന്നാണു് കുചേലഗതി. പുരാണത്തിൽക്കാണുന്ന ഇതിവൃത്തം ഏകദേശമിങ്ങനെയാണു്:—

ശ്രീകൃഷ്ണൻ ദുഷ്ടനിഗ്രഹംചെയ്തു ലോകത്തിനു ശാന്തിവരുത്തി രുക്മിണി, സത്യഭാമ തുടങ്ങിയ പ്രേയസ്സികളോടുകൂടി സുഖമായി ദ്വാരകയിൽ വസിച്ചരുളുന്ന കാലം. കൃഷ്ണന്റെ സതീർത്ഥ്യനും ഇന്ദ്രിയാർത്ഥങ്ങളിൽ വിരക്തനും പ്രശാന്താത്മാവുമായ കുചേലനെന്നൊരു ബ്രാഹ്മണൻ ദാരിദ്ര്യതപ്തരായ ഭാര്യയുടേയും കുട്ടികളുടേയും കരച്ചിൽ കേട്ടു വസിച്ചിരുന്നു. ഒരു ദിവസം വിശപ്പുസഹിക്കവെയ്യാതെ കുചേലപത്നി ഭർത്താവിനെ സമീപിച്ചു്, ദ്വാരകവരെച്ചെന്നാൽ സാധുപരായണനായ ഭഗവാനെക്കണ്ടു വല്ലതും ചോദിക്കാമല്ലോ എന്നു സവി

നയം ഓൎമ്മിപ്പിച്ചു. പാദകമലത്തെ സ്മരിക്കുന്നവന്ന് ആത്മാവിനെപ്പോലും കൊടുക്കുന്ന ലക്ഷ്മീനാഥൻ അല്പമായ അൎത്ഥത്തെ എന്തുകൊണ്ടു കൊടുക്കയില്ല! പരമവിരക്തനായ കുചേലനാകട്ടെ അൎത്ഥത്തിനുവേണ്ടി ഈശ്വരനെ പ്രാൎത്ഥിക്കുന്നതു് ഇഷ്ടമല്ല. എങ്കിലും ഒടുവിൽ ഭാൎയ്യയുടെ ആവൎത്തിച്ചാവൎത്തിച്ചുള്ള മൃദുപ്രാൎത്ഥനകൾക്കു ശേഷം, അൎത്ഥലാഭത്തേക്കാൾ ഭഗവദ്ദൎശനം ആഗ്രഹിച്ച് ദ്വാരകയ്ക്കുപോകുവാൻ സമ്മതിച്ചു. കാഴ്ചവസ്തുവായി ഏതെങ്കിലും പ്രാഭൃതമില്ലാതെ ജഗന്നാഥനെക്കാണുക യോഗ്യമല്ല. ഭൎത്താവിന്റെ അഭിപ്രായം കേട്ട ബ്രാഹ്മണി വേഗം നാലു വീട്ടിൽച്ചെന്നു് നാലുപിടി അവൽ യാചിച്ചുകൊണ്ടുവന്നു് ഒരു തുണിക്കഷണത്തിൽ കെട്ടി അദ്ദേഹത്തിന്റെ കൈയ്യിൽ കൊടുത്തു.

കൃഷ്ണസന്ദൎശനോത്സുകനായ കുചേലൻ ഉടൻതന്നെ ദ്വാരകനോക്കി നടന്നു. ത്രൈലോക്യനാഥനായ കമലാകാന്തനെ കാണുവാൻ നിഷ്ക്കിഞ്ചനനായ കുചേലനുള്ള ബലം ബാല്യത്തിലെ സബ്രഹ്മചാരിത്വം മാത്രമാണല്ലൊ. ആ ബലത്തിന്മേൽ എവിടെവരെ പോകാൻസാധിക്കുമെന്നു് ആ ഭക്തൻ സംശയിക്കാതിരുന്നില്ല. എന്നാൽ അദ്ദേഹത്തിന്റെ സംശയങ്ങളെല്ലാം പെട്ടെന്നു് അത്ഭുതമായി രൂപാന്തരം പ്രാപിക്കയാണുണ്ടായതു്. ലക്ഷ്മീതല്പത്തിലിരുന്ന ഭഗവാൻ ദൂരെവെച്ചുതന്നെ സതീൎത്ഥ്യനെ കാണുകയും ആനന്ദപുളകിതനായി ഓടിച്ചെന്നു് ആലിംഗനംചെയ്യുകയും ചെയ്തു. പ്രിയവയസ്യനായ വിപ്രൎഷിയുടെ അംഗസംഗമം ആ ഭക്തപരായണനെ നിൎവൃതികൊള്ളിച്ചു. അദ്ദേഹത്തിന്റെ കണ്ണുകൾ ആനന്ദബാഷ്പം പെയ്തു. അതിഥിയെ കൂട്ടിക്കൊണ്ടുവന്നു് പൎയ്യങ്കത്തിലിരുത്തി പാദം കഴുകിയതീൎത്ഥം ലോകപാവനൻ ഭക്തിപൂൎവ്വം ശിരസ്സിൽ ധരി

ച്ചു. അനന്തരം ഭഗവാൻ കുചേലനെ അംഗരാഗമണിയിച്ചു. സുരഭിലങ്ങളായ ധൂപദീപങ്ങളാലർച്ചിച്ചു; ലക്ഷ്മീദേവി അദ്ദേഹത്തെ ചാമരവ്യജനത്താൽ വീശി. ദിവ്യദമ്പതികളുടെ ഈ ആതിഥ്യം കണ്ടു് അന്തപുരസ്ത്രീകൾ അന്തണൻെറ അപൂർവ്വപുണ്യത്തിൽ അത്ഭുതപ്പെട്ടു.

പ്രിയസഖനെ കൂടെയിരുത്തികൊണ്ടു് ഭഗവാൻ പൂർവ്വകഥകൾ പറഞ്ഞുതുടങ്ങി:- ''നാം ഗുരുകുലം വിട്ടതിൽപിന്നെയുള്ള വാർത്തകളെന്താണു്? അങ്ങു് വിവാഹം കഴിച്ചിരിക്കുമല്ലോ?—അർത്ഥകാമങ്ങളിൽ പണ്ടുതന്നെ അങ്ങു വിരക്തനായിരുന്നു. അതുകൊണ്ടു് ചോദിക്കുകയാണു്. വിരക്തന്മാരും ലൗകികത്തിനുവേണ്ടി നിഷ്കാമകർമ്മങ്ങൾ ചെയ്യാറുണ്ടല്ലോ—പിന്നെ, പണ്ടു നാം ഗുരുഗൃഹത്തിൽ വസിക്കുന്നകാലത്തെ കഥകൾ അങ്ങു മറന്നിരിക്കുമോ? ഒരിക്കൽ ഗുരുദാരങ്ങൾ നിയോഗിച്ചതനുസരിച്ചു് നാം വിറകിനു കാട്ടിൽപ്പോയതോർക്കുന്നുണ്ടല്ലോ. അന്നു നാം അനുഭവിച്ച കഷ്ടപ്പാടു്! ഭയങ്കരമായ കാററും മഴയും. സൂര്യൻ അസ്തമിച്ചു. തിരികെപ്പോകാൻ വഴിയറിയാതെ വിഷമിച്ചു ഭയപ്പെട്ടു പരസ്പരം കൈകോർത്തുനിന്നു് ആ രാത്രി കഴിച്ചുകൂട്ടിയ കഥയോർത്താൽ ഇപ്പോഴും ഭയമാകുന്നു. പിറേറന്നു രാവിലെ സാന്ദീപനിമഹർഷി നമ്മെ അന്വേഷിച്ചു വന്നതും തനിക്കുവേണ്ടി നാം കഷ്ടപ്പെട്ടതോർത്തു് സഹതപിച്ചതും അത്യന്തം ചരിതാർത്ഥനായി നമ്മെ അനുഗ്രഹിച്ചതുമെല്ലാം എന്നെപ്പോലെ അങ്ങും ഓർക്കുന്നുണ്ടായിരിക്കണം. ഗുരുവിൻെറ അനുഗ്രഹമുണ്ടെങ്കിൽ എല്ലാ അഭീഷ്ടങ്ങളും സാധിക്കുമെന്നതിനു് നാംതന്നെ ദൃഷ്ടാന്തമാണല്ലോ.'' കുചേലൻ ഇങ്ങനെ മറുപടി പറഞ്ഞു: "ലോകഗുരുവായ അവിടുന്നു് ഞങ്ങളോടൊരുമിച്ചു സാന്ദീപ

നിയുടെ ആശ്രമത്തിൽ വിദ്യാഭ്യാസത്തിനു കൂടിയതു് എന്തൊരു വിനോദമായിരുന്നു എന്നു ഞാൻ അത്ഭുതപ്പെടുകയാണു്.''

ഭൂസുരൻെറ വാക്കു കേട്ടു സന്തോഷിച്ചു മന്ദഹാസപൂർവ്വം മായാമാനുഷൻ വീണ്ടും പറഞ്ഞു: ''അതിരിക്കട്ടെ. എനിക്കു തരുന്നതിനു് ഏതൊരു പ്രാഭൃതമാണു കൊണ്ടുവന്നിരിക്കുന്നതു്? ഭക്തന്മാർ നൽകുന്നതു് ഏതും, എത്ര നിസ്സാരമായാലും, എനിക്കു് അത്യധികം പ്രിയമാണു്. ലോകം മുഴുവൻ നൽകിയാലും ഭക്തിയില്ലെങ്കിൽ ഞാൻ പ്രസാദിക്കയില്ല. ഭക്തിയുണ്ടെങ്കിൽ ഒരു ഇലയോ പൂവോ കായോ മതി എന്നെ തൃപ്തിപ്പെടുത്തുവാൻ.'' ആശ്വാസജനകമായ ഈ കാരുണ്യവചനം കൊണ്ടും ബ്രാഹ്മണൻെറ നാണം പോയില്ല. പഴന്തുണിയിൽ പൊതിഞ്ഞ നാലുപിടി അവലെവിടെ, ഐശ്വര്യദേവതയുടെ പ്രാണേശ്വരനായ ദ്വാരകാപതിയെവിടെ? കാര്യം മനസ്സിലായ ഭഗവാൻ കിഴി പിടിച്ചഴിച്ചു സഹജമായ കൊതിയോടെ അവലിൽ ഒരുപിടി വാരി വായിലാക്കി. കരുണാമൂർത്തിയുടെ ഈ സൗജന്യം കുചേലനെ കുബേരനെക്കാറം ധനവാനാക്കുന്ന ഒരു അനുഗ്രഹമായിരുന്നു; എന്നാൽ സാധുബ്രാഹ്മണനു് ആ നിമിഷത്തിലുണ്ടായ സംഭവത്തിൻെറ ഒരു സൂചനയും ലഭിക്കുന്നില്ല. ഭക്തവത്സലൻെറ ഔദാര്യം അവിടംകൊണ്ടു നിലയ്ക്കാത്ത മട്ടാണു് കണ്ടതു്; അദ്ദേഹം രണ്ടാമത്തെ പിടി വാരുവാൻ തുടങ്ങി. എന്നാൽ ദേവന്മാർക്കുപോലും ദുഷ്പ്രാപമായ സമ്പത്തും മോക്ഷവും കുചേലനു കിട്ടിക്കഴിഞ്ഞുവെന്ന കാര്യം മനസ്സിലാക്കിയ മഹാലക്ഷ്മി ഭർത്താവിനെ വിനയപൂർവ്വം വിലക്കി.

അനന്തരം ഭഗവാൻ കുചേലനെ ആ രാത്രി സ്വന്തം മെത്തയിൽക്കിടത്തി പല കഥകളും പറഞ്ഞു വിനോ

ദിപ്പിച്ചു. പിറേറന്നു രാവിലെ ബ്രാഹ്മണൻ കൃഷ്ണനോടു യാത്രപറഞ്ഞു പുറപ്പെട്ടു. പോകുംവഴി അദ്ദേഹം വിചാരിക്കയാണു്: "ലോകനാഥൻെറ ഭക്തകാരുണ്യവും ബ്രാഹ്മണഭക്തിയും അത്ഭുതകരംതന്നെ. മലിനനായ എന്നെ അദ്ദേഹം സ്നേഹപൂർവ്വം ആലിംഗനംചെയ്തുവല്ലോ. ഭഗവൽപ്രസാദംകൊണ്ടു് എന്തുതന്നെ ലഭിക്കയില്ല! ഞാൻ തിരുമുമ്പിൽച്ചെന്നതു് അത്ഥത്തിനായിട്ടായിരുന്നു. അർത്ഥിച്ചിരുന്നെങ്കിൽ വേണ്ടുവോളം കിട്ടുമായിരുന്നുതാനും. എന്നാൽ, എന്തു ചെയ്യാം, ചോദിക്കുവാൻ തോന്നിയില്ല. എൻെറ വരവു നോക്കിയിരിക്കുന്ന പത്നിയോടു് എന്തു സമാധാനമാണു പറയേണ്ടതു്? ചോദിച്ചില്ലെങ്കിൽത്തന്നെയും ഇംഗിതജ്ഞനായ ഭഗവാനു് എനിക്കു വല്ലതും തരാമായിരുന്നു. ഒരു പക്ഷേ ധനമദം ഭക്തിയെ ഹനിക്കുമെന്നു അദ്ദേഹം വിചാരിച്ചിരിക്കണം.''

ഇപ്രകാരം പല ചിന്തകളോടുകൂടി നടന്ന അന്തണൻ വീട്ടിനടുത്തെത്തിയപ്പോഠം അമ്പോ എന്തൊരു വിസ്മയം! ദാരിദ്ര്യസങ്കേതമായിരുന്ന തൻെറ ഭവനം ഒരു കൊച്ചു ദേവലോകമായി മാറിയിരിക്കുന്നു. എതിരേല്ക്കുവാൻ വന്ന ഭാര്യയും മക്കളും അവരുടെ ആഭരണങ്ങളും ചുററുമുള്ള ദാസീദാസന്മാരും എല്ലാം ദേവലോകത്തിനു ചേൻ്റ വിധംതന്നെ. ഒക്കെയും മാധവൻെറ മായയെന്നു തീർച്ചയായി. അനന്തരം ധനത്തിൻെറ അനുഗാമിയായ മദത്തിൻെറ നിഴൽപോലും തീണ്ടാതെ പൂവ്വാധികം വിനയത്തോടുകൂടി ജീവിതശേഷം കഴിച്ചു് ഭക്താഗ്രണിയായ ഭൂസുരൻ ഭഗവാങ്കൽ സായൂജ്യം പ്രാപിച്ചു.

പുരാണത്തിൽത്തന്നെ വളരെ മനോഹരമായി പ്രതിപാദിച്ചിരിക്കുന്ന ഈ ഉപാഖ്യാനത്തെ സാഹിത്യ

ചമൽക്കാരത്തിനാവശ്യമായ ഉപസ്ക്കാരത്തോടുകൂടി യാണ് ചെറുശ്ശേരി വിവൎത്തനം ചെയ്തിരിക്കുന്നത്. പ്രാഭൃതത്തിനുവേണ്ടി പുറപ്പെട്ട ബ്രാഹ്മണിക്കു പെട്ടെന്നു നാലുവീട്ടിൽനിന്നു നാലുപിടി അവൽ കിട്ടുന്നതായിട്ടാണല്ലൊ ഭാഗവതം. കൃഷ്ണഗാഥയിലാകട്ടെ നാലുപിടി നെല്ലേ കിട്ടുന്നുള്ളു. അതും എത്ര വീടുകളിൽ തെണ്ടിയിട്ടാണെന്ന് ഈശ്വരനേ അറിയാവൂ. ആ നെല്ലു വറുത്ത് ഇടിച്ച് അവലാക്കി എന്നു പറഞ്ഞിരിക്കുന്നത് ദരിദ്രാനുഭവത്തിന്റെ സ്വാഭാവികതയ്ക്കും ഈ കഥയുടെ കരുണരസത്തിനും വളരെ യോജിച്ച വിധത്തിലാകുന്നു.*

സൎവ്വസമ്പൽസമൃദ്ധമായ ദ്വാരകാനഗരിയിൽ കുചേലനെപ്പോലെയുള്ള ദരിദ്രനാരായണൻ ഒരു കൗതുകവസ്തുവാണെന്നും, നഗരവാസികൾ അത്ഭുതം കാണുന്നതിന്നോടിയെത്തിയെന്നും പ്രസ്താവിക്കുന്നതിനു ചെറുശ്ശേരി മറന്നിട്ടില്ല. ബ്രഹ്മാവിന്റെ സൃഷ്ടികൾ നവരസങ്ങൾക്കു ദൃഷ്ടാന്തങ്ങളായി എല്ലാ വൈവിധ്യവൈചിത്ര്യങ്ങളും തികഞ്ഞു ലോകമാകെ വ്യാപിച്ചു കിടക്കയാണല്ലൊ. അവയിൽ ബീഭത്സരസത്തിന്റെ മാതൃക കാട്ടുവാൻ കുചേലനെയാണു നാന്മുഖൻ കരുതിക്കൂട്ടി നിൎമ്മിച്ചത്. ഉൽപ്രേക്ഷയ്ക്കു പ്രസിദ്ധനായ നമ്പൂതിരിയുടെ ഈ ഭാവന പ്രകൃതത്തിൽ അവസരോചിതമായി പ്രകാശിച്ചിരിക്കുന്നു.

കാണികളുടെ പരിഹാസത്തെ ഇളക്കിവിട്ടതുകൊണ്ടുമാത്രം കുചേലന്റെ അസ്ഥികൾ അടങ്ങിയിരിക്കുന്നി

---

* ''ക്ഷിപ്രമിരുട്ടത്തിടിക്കകൊണ്ടുകല്ലുംനെല്ലുമേറും
സൽപ്രഥുകംപൊതിഞ്ഞൊരു തുണിയിൽകെട്ടി'' എന്നു രാമപുരത്തു വാര്യർ ആ അവലിടിക്കു താനൊരു സാക്ഷിയായിരുന്നവണ്ണം അഭിപ്രായപ്പെട്ടിരിക്കുന്നതു കുറേക്കൂടി ഉചിതവും സരസവുമായിരിക്കുന്നു.

ല്ല. അവ അടുത്തുതന്നെ നീലക്കാർവർണ്ണനെ ആലിംഗ നസമയത്തു ചുവപ്പിച്ചുകളഞ്ഞു! ഉള്ളിൽക്കിടന്ന രാഗം പുറത്തുവന്നു തോഴൻെറ ദേഹത്തിൽ വ്യാപിച്ചതാണെ ന്നു സങ്കല്പിച്ചു് ഗാഥാകർത്താവു് ആ അസ്ഥികളെ അപ രാധത്തിൽനിന്നു് രക്ഷിക്കുന്നുണ്ടെങ്കിലും ഈ ഉൽപ്രേ ക്ഷയിൽനിന്നു വ്യഞ്ജിക്കുന്ന നിർദ്ദോഷമായ പരിഹാ സരസത്തിൽ മന്ദഹസിക്കാത്തതാരാണു്? കുചേലൻെറ അസ്ഥികാംക്കു്, അഥവാ പുരാണത്തിൻെറ അസ്ഥി കാംക്കു്, കൊഴുപ്പുനൽകുന്ന കവികർമ്മമാണല്ലോ ഇവി ടെ സരസമായി പ്രത്യക്ഷപ്പെടുന്നതു്.

വിറകിനുവേണ്ടി കാട്ടിൽപ്പോയ കുട്ടികാം ഇരു ട്ടും മഴയും ഭയവുംകൊണ്ടു വിഷമിച്ച കഥ ഗാഥയിൽ സാമാന്യം വിസ്തരിച്ചു വർണ്ണിച്ചിരിക്കുന്നു. ഇടയ്ക്കു്

''കാട്ടികാംവന്നുകരഞ്ഞൊരുനേരത്തു
ഗോഷ്ഠികാംകാട്ടിനതേറെ നീ താൻ''

എന്നു കൃഷ്ണനെക്കൊണ്ടു ബാലകുചേലൻെറ ഭീരുത്വത്തെ ക്കളിയാക്കുന്നതിനു നമ്പൂതിരി അവസരംകാണുന്നുണ്ടു്. ധനത്തിൽ മാത്രമല്ല ധൈര്യത്തിലും ദാരിദ്ര്യമാണു കു ചേലനു വിധിച്ചതെന്ന സൂചന കരുണത്തിൽ ഹാസ്യം കലർത്തുന്നതിനു പ്രസ്തുത കവിക്കുള്ള പ്രാഗല്ഭ്യത്തെ തെളിയിക്കുന്നു.

ശേഷം കഥാഭാഗങ്ങളും കുറെക്കൂടി വിസ്തരിക്കുന്ന തിനു വിവർത്തകൻ സ്വാതന്ത്ര്യംകാണിക്കുന്നു. കുചേലൻ തിരികെ വീട്ടിൽച്ചെല്ലുമ്പോാം കാണുന്ന അത്ഭുതങ്ങളെ ഓരോന്നായി വിവരിച്ചിട്ടുണ്ടു്. ഒടുവിൽ, ഭക്തനെ ഐ ഹികത്തോടു കൂടുതൽ ബന്ധിക്കുന്ന പാശമാണു ധനമെ ന്നു മനസ്സിലാക്കിയ ബ്രാഹ്മണൻ 'സംഗങ്ങളെല്ലാമേ ദൂ രത്താക്കി' ഗോവിന്ദരൂപത്തെ മനസ്സിൽ പ്രതിഷ്ഠിച്ചു് ഭഗവാനുമായി താൻ ബാല്യത്തിൽ തുടങ്ങിയ സഖ്യ

ത്തെ സനാതനമാക്കിയ സംഗതീയും പുരാണത്തിലെ പ്പോലെ പെട്ടന്നങ്ങു പറഞ്ഞു നിർത്താതെ ഒട്ടൊന്നു വി സ്തരിച്ച് ഗാഥാകാരൻ ഈ പുണ്യകഥയുടെ വിടവു നി കത്തിയിരിക്കുന്നു. കേവലം സാഹിത്യരസം മാത്രമല്ല ഭഗവദ്ഭക്തിയുടെ മാഹാത്മ്യത്തെ സ്ഥാപിക്കതന്നെ യാണു തന്റെ പ്രധാനലക്ഷ്യമെന്നു തെളിയിക്കുന്നതി നും കഥാവസാനത്തിലെ ഈ പ്രപഞ്ചനം കവിയെ സ ഹായിക്കുന്നു. അസ്ഥാനത്തിലും ദുഷ്ടമായ ശൃംഗാരത്തി ലേക്കു് ചിലപ്പോഴൊക്കെ ചാടി വീഴുന്ന നമ്പൂതിരിയു ടെ ഭാവന 'കുചേലഗതി'യിൽ ദൃഢമായ നിയന്ത്രണ ത്തിനധീനമായിത്തന്നെ സഞ്ചരിക്കുന്നതു് തുലോം ചാ രിതാർത്ഥ്യജനകമായിരിക്കുന്നു.

## കൃഷ്ണഗാഥ

# കുചേലഗതി

കാർവർണ്ണനേററവും കാരുണ്യം പൂരിച്ചു-
ള്ളാരണനുണ്ടായി പാരിടത്തിൽ,
ശൈശവമേശുന്ന കാലത്തു പണ്ടുപോയ്
ദേശികൻചാരത്തു മേവുമന്നാൾ
തങ്ങളിലൊന്നിച്ചു വിദ്യകൾ കേൾക്കയാൽ
ചങ്ങാതിയായുള്ള പണ്ടുപണ്ടേ.
നിത്യങ്ങളായുള്ള കർമ്മങ്ങളെല്ലാമേ
കൃത്യമായ് ചെയ്തു തെളിഞ്ഞുനില്പോൻ.
ശാന്തയായുള്ളൊരു കാന്തയും താനുമായ്
താന്തനായ് നീളെ നടന്നു മേന്മേൽ
പാരിച്ചുനിന്നൊരു ദാരിദ്ര്യംപൂണ്ടിട്ടു
യാചിച്ചുപോരുവോൻ പാരിലെങ്ങും.
കുത്സിതമായൊരു ചേലയുംപൂണ്ടെങ്ങും
നീള്ളുയാലെന്നതേ പേരുമായി.
ശാശ്വതനായുള്ളൊരീശ്വരൻതന്നെയു-
മാശ്രയിച്ചങ്ങവൻ നിന്നകാലം

ക്ഷുത്തുകൊണ്ടേററവും ദീനമായുള്ളൊരു
ചിത്തവുംപൂണ്ടുനിന്നന്നൊരുനാൾ
ആര്യയായുള്ളൊരു ഭാര്യതാൻ ചെന്നുനി–
ന്നാര്യനായുള്ളവനോടു ചൊന്നാൾ:–
"ഓദനംകാണാതെയൊട്ടുനാളുണ്ടല്ലോ
വേദനമാറാതെ മേവുന്നു നാം.
ഓദനംതന്നോനെക്കണ്ടത്തുമില്ലെങ്ങും
വേദന ചിന്തിക്കിൽ മേലിലത്രേ.
ആവത്തുമില്ലേത്തും പാതിയായ് മേനിയും
നാവും മയങ്ങുന്നു നാളിൽ നാളിൽ
യാചിപ്പാൻ പോവാനോ ചേലയും ചെമ്മല്ല
ഗേഹത്തിൽ മേവുവാനെമ്പെയ്യുമുണ്ടേ.
ചെന്താരിൽമാതോടു ചേരുന്ന കാർവർണ്ണൻ
ബന്ധുവെന്നല്ലയോ ചൊല്ലിപ്പോരു,
ദ്വാരകയാകിന പൂരിലും ചെന്നിന്നു
പാരാതെ കണ്ടാകിൽ നന്നായിത്തും.
ക്ഷുത്തുകൊണ്ടുണ്ടാകുന്നത്തലെയിന്നവൻ
ചിത്തത്തിലാക്കുകയെന്തുചേതം?–
ഏററുനിന്നീടുകിലാണചൊല്ലാമല്ലോ
ഏററില്ലയെങ്കിൽ ചെന്നമ്പെടുക്കാം.
നമ്മുടെ വാഞ്ഛരികം നന്നായി നിന്നവൻ
നല്കിനിന്നീടുവാൻ പോരുമല്ലോ
കാരുണ്യമില്ലയെന്നല്ലീയിരിക്കുന്നു
കാരുണ്യവാരിധിയെന്നു കേൾപ്പൂ.
വാരുററുമേവുമദ്വാരകതന്നിലേ
പാരാതെ ചെല്ലുകയെന്നേവേണ്ടൂ."
ആര്യയായുള്ളൊരു ഭാര്യതാനിങ്ങനെ
കാര്യമായുള്ളതു ചൊന്നനേരം
സന്തുഷ്ടനായവൻ ചൊല്ലിനിന്നീടിനാൻ

ചിന്തിച്ചുനിന്നുനുറുങ്ങുനേരം:
"എന്നുടെ മാനസം തന്നിലുമുണ്ടിത്തു
മുന്നമേ കാണേണമെന്നുതന്നെ
നിന്നുടെ സാഹസം തന്നാലെയെങ്കിലെൻ
പുണ്യങ്ങൾ പൂരിച്ചുകൊള്ളാമിപ്പോൾ.
രണ്ടേടത്തല്ലല്ലൊ രാഗികളാം ഞങ്ങൾ
ഉണ്ടുമുറങ്ങിയും പണ്ടേപോരു.
ഇന്നിനി നമ്മെ മറന്നങ്ങുപോകിലും
എന്നുടെ കണ്ണിനോ പുണ്യമുണ്ടാം.
കാണുന്നനേരത്തു കാഴ്ചയായ് നൽകുവാൻ
വേണുന്നതേതുമൊന്നില്ലയല്ലോ
പ്രാഭവം പൂണ്ടോരെ പ്രാകൃതർ കാണുമ്പോൾ
പ്രാഭൃതം വേണമെന്നുണ്ടു ന്യായം."
ഭാര്യതാനെന്നതു കേട്ടങ്ങു നിന്നപ്പോ-
ളാരണന്മാരുടെ ഗേഹംതോറും
നാല്പിടി നെല്ലിനെ യാചിച്ചുകൊണ്ടന്നു
വായ്പോടനിന്നു വറുത്തുപിന്നെ
കല്ലാലെ മെല്ലവേ താഡിച്ചുനെല്ലിനേ
നല്ലവിലാക്കിനാൾ നല്ലവണ്ണം.
ചീർത്തൊരു മോദത്താലാസ്ഥപൂണ്ടങ്ങതു
പേർത്തുണിതന്നിലേ ചേർത്തുപിന്നെ
സന്തുഷ്ടനായൊരു കാമുകൻകൈയിലെ
ചന്തത്തിൽ നല്കിനാൾ ബന്ധിച്ചപ്പോൾ.
ഭാര്യതാൻ നല്കുമപ്രാഭൃതം തന്നെയും
പാരാതെ വാങ്ങിനോരാരണൻതാൻ
ദ്വാരകനോക്കി നടന്നുതുടങ്ങിനാൻ
വാരിജലോചനൻതന്നെക്കാണ്മാൻ.
ചെന്നാലേതെല്ലാമേ ചിന്തിച്ചുനിന്നവൻ
തന്നിലേനണ്ണിനാൻ മെല്ലെമെല്ലെ:—

“കാർവർണ്ണൻതന്നുടെ ചാരത്തുചെന്നിട്ടു
കാണ്മതിനുണ്ടോ കണക്കു വന്നു?
ത്രൈലോക്യനാഥനായ് നിന്നവന്തന്നാലി-
ന്നാലോക്യനായ്‌വരുവെങ്ങനെ ഞാൻ?
കണ്ടോരുനേരത്തു കാർവർണ്ണൻ തന്നോടു
പണ്ടു ഞാൻ കണ്ടതു മിണ്ടാമോ താൻ?
വാതുക്കൽനിന്നുള്ളോർ ശാസിച്ചുനിന്നിട്ടു
ബാധിച്ചുപോമല്ലോ പോക്കുതന്നെ.
ആവേടത്തോളമിന്നെങ്കിലും ചെല്ലൂ ഞാൻ
ദൈവത്തിൽ കൈയിലു പിന്നേതെല്ലാം.’’
ഇങ്ങനെ തന്നിലേനണ്ണിനോരാരണൻ
മങ്ങാതെയുള്ളൊരു മാർഗ്ഗത്തൂടെ
ദ്വാരകയാകിന പൂരിലും പൂകിനാൻ
വാരിതനാകാതെ നേരേയപ്പോൾ.
പണ്ടെന്നും കാണാതെയുള്ളോനെക്കണ്ടപ്പോൾ
മണ്ടിച്ചെന്നെല്ലാരും കണ്ടുനിന്നാർ.
ചാലെ മെലിഞ്ഞൊരു മേനിയെക്കണ്ടിട്ടു
ലീലയായ്‌നിന്നു പറഞ്ഞാർ പിന്നെ:
‘‘അസ്ഥികൾകൊണ്ടു ചമച്ചതിൻ മൂലമെ-
ന്തബ്ജജൻ പണ്ടിവൻ മേനിതന്നെ?-
ബീഭത്സമായ രസത്തിനെക്കാട്ടുവ-
നാബദ്ധലീലനായല്ലയല്ലീ?
പേശലമായൊരു കാശത്തോടേശീട്ടു
പേശുവാൻ പോരുമിക്കേശമിപ്പോൾ,
പാങ്കുഴിയെന്നോർത്താ നേത്രങ്ങൾ നിർമ്മിച്ചു?-
യോഗ്യതപോരുമതിന്നു പാർത്താൽ.
പാതാളലോകത്താലൊന്നിങ്ങു പോന്നിവൻ
നാഭിക്കുമീതേപോയ് നിന്നിതോ ചൊൽ.
വിശ്വത്തിന്നായൊരു നൽത്തൂണുനിർമ്മിച്ചേ

വിശ്വസിച്ചീടാവൂ വീഴായിവാൻ
എന്നങ്ങു നണ്ണീയതിന്നുള്ള നീളത്തെ-
ത്തന്നിലേ ചിന്തിച്ചു നിന്നനേരം
നാളീകജന്മാവിപ്പാദങ്ങൾ നിർമ്മിച്ചു
നീളത്തെക്കാണുമ്പോഴെന്നു തോന്നും.
ദുർഭഗനെങ്കിലും വിപ്രതയോർക്കുമ്പോ-
ളുത്ഭുതവീര്യനായ്മേവുമത്രെ.
ബ്രാഹ്മമായുള്ളൊരു മേന്മയെക്കണ്ടാലും
മേന്മേലേ മെയ്യിലെഴുന്നതിപ്പോൾ.
നിന്ദ്യനല്ലേതുമേ മന്ദതകൊണ്ടിവൻ
വന്ദ്യനായുള്ളൊരു ഭൂമിദേവൻ,"
ഇങ്ങനെ ചെന്നവർ വന്ദിച്ചുനിന്നുടൻ
പൊങ്ങിന കൗതുകം പൂണ്ടനേരം
വാരിജലോചനൻ ചേരുന്ന ഗേഹം തൊ-
ട്ടാരണൻ നേരേ നടന്നാനപ്പോൾ.
ദൂരവേ കണ്ടൊരു വാരിജലോചനൻ
ആരിതെന്നിങ്ങനെ നോക്കിനോക്കി
ചങ്ങാതിയായുള്ളൊരാരണൻ വന്നതെ-
ന്നങ്ങനെതന്നിലേ നണ്ണിനേരെ
കാമിനിയോടു കലർന്നുള്ള ലീലയും
കൈവിട്ടു പെട്ടെന്നെഴുന്നേറ്റപ്പോൾ
ഓടിച്ചെന്നീടിനാൻ കേറ്റ വേദങ്ങൾ
തേടിച്ചെന്നീടുന്ന പാദമുള്ളോൻ.
ആരണനായൊരു വാരിജകാമുകൻ
ചാരത്തുനിന്നു വിളങ്ങുന്നേരം
വാരിജലോചനൻ തന്മുഖമായൊരു
വാരിജമേറ്റം വിരിഞ്ഞുനിന്നു.
പൂമാതുതന്നുടെ പോർമുലക്കുങ്കുമം
പൂരിച്ചുനിന്നൊരു മാറുകൊണ്ടു്

ചാരത്തുവന്നുള്ളോരാരണന്മേനിയെ-
പ്പാരിച്ചുനിന്നു പുണർന്നാനപ്പോൾ.
അസ്ഥികളേററു ചുവന്നു ചമഞ്ഞുത-
ഞ്ഞച്യുതൻപൂവൽമെയ്‌ ചാരമപ്പോൾ
മേദിനീദേവനിൽ മേവുന്ന രാഗംത-
ന്മേനിയിൽക്കൂടിപ്പരന്നപോലേ
പിന്നെയങ്ങൊന്നിച്ചു മന്ദിരംതന്നിലേ
ചെന്നങ്ങു നിന്നൊരു നന്ദജൻതാൻ
ശില്പം കലർന്നീന്നല്പമല്ലാതൊരു
പൊല്പീഠം തന്നിലിരുത്തി നേരെ
ആദരിച്ചമ്പിനോടാതിഥ്യവേലയും
ആചരിച്ചീടിനാനാരണന്നായ്.
ശൈത്യമെഴുമ്മാറു വീത്തുത്തുടങ്ങിനാൾ
ശൈവ്യയായ്മേവുന്ന ദേവിയപ്പോൾ.
കേടററകൈകൊണ്ടു നീടുററുനിന്നുള്ള
വീടികതന്നെയും നല്കിനിന്നാൾ.
പ്രീതനായ്നിന്നുള്ളോരാരണൻ തന്നോടു
മാധവൻ ചൊല്ലിനാൻ മാനിച്ചപ്പോൾ:
“ശ്രദ്ധപെണ്ണീടുന്നതെത്രനാളുണ്ടു ഞാൻ
മിത്രമായുള്ളൊരു നിന്നെക്കാണ്മാൻ.
എത്രയും നന്നായി വന്നതിങ്ങെന്നുടെ
ചിത്തവും ചാലെക്കുളുർത്തുതീപ്പോൾ
ദേശികഗേഹത്തിൽ പണ്ടു നാം നിന്നനാ-
ളാചരിച്ചീടിന വേലയെല്ലാം
ഒന്നുമേയിന്നു മറന്നുപോയില്ലല്ലീ
വന്നുവന്നീടുന്നൊരാടൽ തന്നാൽ?
അന്നുനാമന്നന്നേചെയ്തുള്ള വേലക-
ളൊന്നുമേയിന്നേതുമാവതല്ലേ.
അന്നു നാം പൂണ്ടൊരു സങ്കടമോർക്കുമ്പോൾ

ഇന്നുമുണ്ടുള്ളത്തിൽ വേവുപാരം.
ആര്യനായുള്ളൊരു ദേശികൻതന്നുടെ
ഭാര്യതാൻ വന്നുനിന്നന്നൊരുനാൾ
ഇന്ധനംവേണമെന്നിങ്ങനെ ചൊല്ലുവാ-
നന്ധരാം നമ്മോടങ്ങായിതല്ലൊ.
എന്നതുകേട്ടുനാമന്നടേപോയങ്ങു
ചെന്നൊരു കാനനംതന്നിലപ്പോൾ
ആരാഞ്ഞു നിന്നിട്ടുപോരാതെവന്നപ്പോൾ
ദൂരത്തുനിന്നൊരു കാനനത്തിൽ
പാരാതെ ചെന്നതു പൂരിച്ചുകൊള്ളുവാൻ
ആരാഞ്ഞു നീളെ നടന്നനേരം
പാരിച്ചുനിന്നൊരു പാഴിടിതന്നെയും
മാരിയും വന്നതു കാണായപ്പോൾ.
വേഗത്തിൽവന്നൊരു പേമഴയേല്ക്കയാൽ
വേപത്തെപ്പൂണ്ടുനാമോടിയോടി
തെററന്നു പോരുമ്പോൾ നൽവഴി കാണാതെ
മററൊരു കാനനം തന്നിലായി
പോക്കുമുടങ്ങിന മാർഗ്ഗവുമന്നേരം
നോക്കി നാം നീളെ നടന്നനേരം
ഉൽക്കടമായൊരു പേമഴയേററിട്ടു
നില്ക്കരുതായ്കയാലെന്നപോലെ
ദൃസ്ഥനായുള്ളൊരു പുഷ്കരകാന്തനും
അസ്തമിച്ചീടിനാനംബരത്തിൽ.
പാരിച്ചു ചോരുന്ന പേമഴതാനുമ-
ന്നേരററുനിന്നൊരു പാഴിടിയും
കുന്നിനെത്തള്ളുന്ന വങ്കാററുമെന്നപ്പോൾ
മുന്നേതിലേററവും വന്നുതല്ലൊ.
പാരിച്ചുവന്നൊരു കൂരിരുട്ടന്നേരം
പാരിടമെങ്ങുമേ മൂടിനിന്നു.

കാറേററുനിന്നുളള വന്മരമെല്ലാമ-
ങ്ങേററം ഞെരിഞ്ഞുമറിഞ്ഞുപിന്നെ
നമ്മുടെ ചൂഴവും വീഴുന്നനേരത്തു
നമ്മുടെ വേദനയാരറിഞ്ഞോർ!
എന്നതുകണ്ടുനാമേറിനപേടിപൂ-
ണ്ടെങ്ങുമേ പോകരുതായ്കയാലെ
മെയ്യോടുമെയ്യുമണച്ചുകൊണ്ടങ്ങനെ
പയ്യവേനിന്നൊരു നേരത്തല്ലോ
വന്മദംപൂണ്ടൊരു വൻകരി പിന്നാലെ
വന്നൊരു കേസരിവീരൻ തൻെറ
പൊട്ടുമാറുളെളാരു നാദത്തെക്കേട്ടിട്ടു
ഞെട്ടി നാം ഭൂതലംതന്നിൽവീണു;
പിന്നെയെഴുന്നേററു നിന്നൊരു നേരത്തു
മിന്നൽകൊണ്ടീഷൽ വിളങ്ങുകയാൽ
വൻനരിവന്നതുകണ്ടൊരു നേരത്തു
വന്നുളെളാരല്ലലെച്ചൊല്ലാമോ താൻ.
കാട്ടാനവന്നപ്പോൾ കാട്ടിനഗോഷ്ഠികൾ
നാട്ടാരേമുമ്പിലേ ചൊല്ലാമോ താൻ.
നേരിട്ടുവന്നുളള പന്നികൾ പാഞ്ഞല്ലൊ
വേറിട്ടുപോയതു നമ്മിലപ്പോൾ
നാമത്തെച്ചൊല്ലി വിളിച്ചുകൊണ്ടെങ്ങുമേ
നാമത്തൽപൂണ്ടു നടന്നതെല്ലാം
കണ്ടുളേളാരാരാനുമുണ്ടായിരുന്നാകിൽ
കണ്ണുനീരിന്നുമേ മാറാഞ്ഞിതും.
നാട്ടാനകാട്ടികൾ ചഞ്ഞാതമായ്നിന്ന
കാട്ടിലെ നീളെ നടന്നുപിന്നെ
രോദനം കേട്ടു ഞാൻ വന്നതങ്ങോർക്കുമ്പോൾ
വേദനയുള്ളത്തിലിന്നുമുണ്ടേ.
കണ്ടൊരു നേരത്തു മണ്ടിനാം പൂണ്ടപ്പോൾ

ഉണ്ടായ സന്തോഷമോർത്തുകണ്ടാൽ
വന്നാവൂതെന്നേകൊതിച്ചുനിന്നാകിലും
ഇന്നുമുണ്ടായീലയന്നയോളം.
ദർപ്പത്തെപ്പൂണ്ടൊരു സർപ്പത്താൻ മുന്നിൽവ-
ന്നുല്പന്നരോഷനായ് നിന്നനേരം
വേറിട്ടുപോകാതെ വേഗത്തിൽപാഞ്ഞങ്ങു
ദൂരത്തുപോയതു നന്നായി നാം.
നാമങ്ങുചെന്നപ്പോൾ ഭീമന്മാരായുള്ള
ക്രൂരന്മാർ വന്നങ്ങു മൂളുന്നേരം
ഓടുവാനേതുമേ കാണരുതാഞ്ഞിട്ടു
പേടികൊണ്ടേററവും മൂടുകയാൽ
കോഴയും പൂണ്ടു നാം കേഴുവാനോങ്ങുമ്പോൾ
കോഴികൾ കൂകുന്ന നാദം കേട്ടു
മേളത്തിൽവന്നിടുമാദിത്യൻതന്നുടെ
കാളത്തിൻ നാദങ്ങളെന്നപോലെ.
ക്ലേശിതരായനാമേറിന മോദംകൊ-
ണ്ടാശികൾ മേന്മേലെ ചൊൽകയാലേ
അന്നങ്ങു കൂകിന കോഴികൾ ചിന്തിച്ചാൽ
എന്നുമേ ചാകയില്ലെന്നു ചൊല്ലാം.
പിന്നെ നാമന്നേരം ഖിന്നതകൈവിട്ടു
വന്നൊരു സൂര്യനെപ്പാർക്കുന്നേരം
മാറാതെ പെയ്യുന്ന മാരിയും നമ്മുടെ
പാരിച്ച പേടിയും ക്രൂരിരുട്ടും
ചാരത്തുനിന്നുള്ള നമ്മെയും കൈവിട്ടു
ദൂരത്തുപോയി മറഞ്ഞുതല്ലോ.
വൃക്ഷങ്ങളേറിന പക്ഷികൾ നാദവു-
മക്ഷണം കേട്ടു നാം നിന്നനേരം
ആഖണ്ഡലാശയായ്മേവുന്നോരിക്കു
ചാർകൊണ്ടു നിന്നൊരു ഭൂഷണമായ്

പങ്കജകാമുകൻ തന്നുടെ മണ്ഡലം
കിഞ്ചനപൊങ്ങിത്തുടങ്ങുന്നേരം
നാമങ്ങു ചെല്ലാഞ്ഞു ദേശികനാഥൻതാൻ
നാമങ്ങൾചൊല്ലിവിളിച്ചതിന്നും
കാനനംതോറുംനടന്നുതുടങ്ങിനാൻ
കാതരമാനസനായിനേരെ
ദൂരത്തുനിന്നുവിളിച്ചതുകേട്ടു നാം
ചാരത്തുചെന്നങ്ങു നിന്നനേരം
ഇണ്ടലും പൂണ്ടുതാൻതൊണ്ടയും കമ്പിച്ചു
മിണ്ടരുതായ്കയാൽ പൂണ്ടുപാരം
തോഷവും ഖേദവും തോന്നുന്നീടുന്ന
ലോചനതോയവും തൂകിച്ചൊന്നാൻ:
'ഉത്തമരായുള്ള ശിഷ്യരിന്നിങ്ങളോ-
ടൊത്തവരില്ലയീപ്പാരിലെന്നാൽ
വിദ്യകൾകൊണ്ടുമിന്നിങ്ങളോടെന്നുമേ
ഒത്തുവരായ്കയിപ്പാരിലാരും.'
ഇങ്ങനെ ചൊന്നുടൻ നമ്മെയും കൊണ്ടുതൻ
മന്ദിരം പൂകിനാൻ വന്ദ്യനപ്പോൾ.
ഇങ്ങനെ പണ്ടുനാമാചരിച്ചുള്ളവ-
യിന്നുമറന്നുപോയില്ലയല്ലീ?
തങ്ങളിൽനിന്നവരിങ്ങനെയോരോരോ
മംഗലവാക്കുകളോതുംനേരം
'അല്പമായുള്ളൊരുകാഴ്ച ഞാനെങ്ങനെ
അബ്ജവിലോചനൻമുമ്പിൽവയ്പു?'
എന്നങ്ങുതന്നിലേനണ്ണിനോരാരണൻ
ഏറിനനാണവും പൂണ്ടു പിന്നെ
കാഴ്ചയെമെല്ലെ മറപ്പതിനായുള്ളൊ–
രോർച്ചയും പൂണ്ടങ്ങുഴന്നനേരം
മാലോകരുള്ളത്തിൽ ചാലെനിന്നീടുമ-

മ്മാമയനായൊരു മാധവൻതാൻ
ആരണൻവന്നതിൻകാരണം ചിന്തിച്ച-
ങ്ങാരണൻ തന്നോടു മെല്ലെ ച്ചൊന്നാൻ:
'ചാർച്ചയും ചേർച്ചയും വേഴ്ചയും പൂണ്ടവർ
കാഴ്ചയും കൊണ്ടല്ലോവന്നു ഞായം;
വേഴ്ചയിൽവന്ന നീ വാച്ചുനിന്നീടുന്ന
കാഴ്ചയായെന്തൊന്നു കൊണ്ടുപോന്നു?
അല്പമെന്നീടിലും മൽപ്രിയമാകയാൽ
ചൊല്ലെററു നിന്നൊരു കാഴ്ചയത്രെ.'
ഇങ്ങനെ കേട്ടുള്ളോരാരണൻ പിന്നെയും
പൊങ്ങിന നാണവും പൂണ്ടുനേരെ
ദീനനായ്നിന്നു നൽക്കാഴ്ചയും നല്കാതെ
ആനനംതന്നെയും താഴ്ത്തുംനേരം
പുഞ്ചിരിതൂകിക്കൊണ്ടഞ്ചനവർണ്ണൻതാ-
നഞ്ചാതെ ചെന്നങ്ങണഞ്ഞുപിന്നെ
ചേലതൻ മൂലയിൽ കെട്ടിനതെന്തെന്നു
ലീലയായ് ചൊല്ലി വലിച്ചു നേരേ
മെല്ലെന്നഴിച്ചു തന്മുന്നിലങ്ങാക്കിനാൻ
നല്ലവിലായൊരു കാഴ്ചതന്നെ.
'നിത്യമായിങ്ങനെ ശ്രദ്ധപെണ്ണീടുന്ന
തെത്രനാളുണ്ടവിൽതിന്മതിന്നായ്;
എത്രയും നല്ലൊരു കാഴ്ചയായ് വന്നിതു
ഭദ്രനായുള്ള നീ തന്നതിപ്പോൾ'
ഇങ്ങനെ ചൊന്നൊരു മുഷ്ടിയാൽ വാരിനാൻ
മംഗലം നല്കവാനാരണനായ്.
പാൽവെണ്ണയുണ്ടവയന്നുനിന്നീടുന്ന
വായിലങ്ങാക്കിനാൻ വാഞ്ഛയോടെ.
ആശ്വസിച്ചീടിനാനാസ്വദിച്ചമ്പിനോ-
ടാശ്രിതവത്സലനായ ദേവൻ.

കല്ലുമന്നെല്ലും കടിച്ചുനിന്നുണ്ടായ
പല്ലുകൾനോവുതളന്നനേരം
മെല്ലവേവാരിനാൻ പിന്നെയും നല്ലവിൽ
പല്ലവംവെല്ലുന്ന പാണിയാലെ.
ആഗ്രഹിയായിനിന്നാനനംതന്നിലി-
ട്ടാസ്വദിച്ചീടുവാനോങ്ങുംനേരം
പെട്ടെന്നു ചെന്നുനിന്നിന്ദിരതാനതു
തട്ടിക്കളഞ്ഞു വിരഞ്ഞുചൊന്നാൾ;
"ഉററവരെന്നുമ്പോഴെന്നെയിന്നിങ്ങനെ
വിററതോ ചിന്തിച്ചാൽ ചേരുമല്ലൊ;
വററാതൊരമ്പുകൊണ്ടാരണനെന്നെ നീ
മുററമടിക്കുമാററാക്കൊല്ലാതെ.
എന്നുമിക്കൽകളും നെൽകളും തിങ്കിൽനീ
എന്നുടെ വേലകളാവതല്ലേ.''
ഇങ്ങനെ ചൊല്ലിനോരിന്ദിര പിന്നെയും
നിന്നുള്ളൊരാരണന്മെയ്യിലെങ്ങും
കൺമുനകൊണ്ടങ്ങുഴിഞ്ഞുനിന്നീടിനാൾ
നിർമ്മലദേഹനായ് മേവുംവണ്ണം.
ഇന്ദിരതന്നുടെ കൺമുനയേല്ക്കയാൽ
സുന്ദരനായുള്ളൊരാരണൻതാൻ
മൃഷ്ടമായുണ്ടങ്ങു തുഷ്ടനായ് മേവിനി-
ന്നിഷ്ടമാംവണ്ണമുറങ്ങിപ്പിന്നെ
കാലത്തുണർന്നങ്ങു യാത്രയും ചൊന്നുടൻ
ചാലത്തുനിഞ്ഞിങ്ങുപോരുന്നേരം
തന്നിലേ നണ്ണിനാ, "നെന്നുടെ വാഞ്ഛക-
ളൊന്നുമേ ചൊല്ലുവാൻ വല്ലീലല്ലോ.
ഇല്ലത്തുചെല്ലുമ്പോൾ ചൊല്ലുവതെന്തു ഞാൻ
വല്ലഭ വന്നങ്ങുവന്ദിക്കുമ്പോൾ?
ഏറിയിരുന്ന ധനത്തെയുംകൊണ്ടുഞാൻ

ഏവഴിചെല്ലുന്നുതെന്നുനണ്ണി
ആശയും പൂണ്ടങ്ങു നോക്കുമ്പോഴല്ലൊ ഞാൻ
വീശവുംകൂടാതെ ചെല്ലുന്നിപ്പോൾ.
പാതി പുക്കീടുന്ന ചേലയാലൊന്നു ഞാൻ
യാചിച്ചുനിന്നാകിൽ തന്നുതും താൻ
എന്നതുമൊന്നുമേ തോന്നീതില്ലന്നേരം:
മന്ദന്മാർക്കിങ്ങനെ വന്നു ഞായം.
ചേലയോ വേണ്ടീല തൈലത്തെത്തന്നെയും
ലീലയായ് ചൊൽവാനും തോന്നീലല്ലൊ.
പത്തുനാളാകിലും പട്ടിണികൂടാതെ
പത്നിയെപ്പാലിക്കാമെന്നോർത്തല്ലൊ
ദീർഘമായുള്ളൊരു മാർഗ്ഗവും പിന്നിട്ടു:
ഭാഗ്യമില്ലാതനാളൊന്നുമേശാ.
പത്മവിലോചനൻ തന്നുടെ ശീലമോ
കല്പകശാഖിയെപ്പോലെയല്ലൊ.
ചാരത്തു ചെന്നീടിൽ വാഞ്ഛിതം നൽകീടും
ദൂരത്തുനിന്നീടിലൊന്നുമേശാ.
ചാരത്തു ചെന്ന ഞാൻ യാചിച്ചുനിന്നാകിൽ
പൂരിച്ചുനിന്നുതും വാഞ്ഛയെല്ലാം.
പണ്ടു ഞാൻ ചെയ്തുള്ള പാപങ്ങൾ കൊണ്ടല്ലൊ
മിണ്ടുവാൻ വല്ലാതവന്നതപ്പോൾ.
എന്തു സന്തതം ചിന്തിച്ചുനിന്നിനി
വെന്തുവെന്തീടുവാനുള്ള മേററം?''
നിസ്സ്വതനായവനിങ്ങനെ ചിന്തിച്ചു
സദ്ഗതിയായ് നിന്ന കാർവർണ്ണനെ
കണ്ടതുകൊണ്ടുള്ള സന്തോഷം പൂണ്ടുനി-
ന്നിണ്ടലും കൈവിട്ടുപോയിപ്പോയി
തന്നുടെ ഗേഹത്തിൻ ചാരത്തുചെന്നപ്പോൾ
വന്നൊരുതെന്നലെപ്പാർത്തുനിന്നാൻ.

സൗരഭ്യമാണ്ടൊരുതെന്നലെന്തിങ്ങനെ
ചാരത്തുവീയ്‌വാനിക്കാനനത്തിൽ?
എന്തിതിൻകാരണമെന്നങ്ങുതന്നിലേ
ചിന്തിച്ചു പിന്നെയും നിന്നനേരം
താവിനിന്നീടുന്ന പൂവുകൾ മേവുന്ന
കാവുകൾ കാണായി നീളെ നീളെ.
മേളമിയന്നുള്ള താമരപ്പൊയ്കയും
നീളവേ കാണായിനിന്നതെങ്ങും.
എന്തിതെന്നിങ്ങനെ ചിന്തിച്ചുനിന്നവൻ
ചെന്നുതുടങ്ങിനാനങ്ങുതന്നെ.
പ്രാഭവം കോലുമപ്രാകാരംതന്നെയും
പ്രാസാദജാലവും കാണായപ്പോൾ.
ആരുടെ മന്ദിരം പോലിതെന്നിങ്ങനെ
പാരം തന്നുള്ളിലേ നണ്ണി നണ്ണി
ഗോപുരവാതിലകത്തു പുക്കെങ്ങുമേ
വ്യാപരിച്ചീടിനാൻ കണ്ണുകൊണ്ടേ.
ചൊല്ക്കൊണ്ടുനിന്നുള്ള പൊൽക്കമ്പം കാണായി
നീളുന്നതോരോരോ ദിക്കുതോറും
രത്നങ്ങൾകൊണ്ടുള്ള വേദികൾ കാണായി,
മുത്തുകൾകൊണ്ടു വിതാനങ്ങളും:
നീടുററുനിന്നുള്ള നാടകശാലയിൽ
ആടിനിന്നമ്പോടുപാടിപ്പാടി
ഓലക്കം പൂണ്ടുവിളങ്ങിനിന്നീടുന്ന
ബാലികമാരെയും ചാരെക്കണ്ടോൻ.
വാജികൾ മേവുന്ന ശാലകൾ കാണായി,
വാരണംചേരുന്ന ശാലകളും.
ഇത്തരമോരോരോ രത്നങ്ങൾകൊണ്ടുള്ള
വസ്തുക്കൾ പിന്നെയും കാണായപ്പോൾ.
വിദ്രുമംകൊണ്ടുള്ള ഭിത്തികൾകണ്ടിട്ടു

വിസ്മയിച്ചീടിനാനേററമേററം.
വന്നുവന്നീടുന്ന വന്ദികളെല്ലാരും
വാരണമേറിന ചേവകരും
വന്ദിച്ചുനിന്നതു കണ്ടുകണ്ടന്നേരം
എന്തിതിൻ കാരണമെന്നുഴന്നാൻ.
വൃദ്ധനായ് നിന്നുളെളാരദ്ധ്വഗനായങ്ങു
നിർദ്ധനനായുള്ളോരെന്നെയിപ്പോൾ
ചാരത്തുവന്നിവർ വന്ദിച്ചുനിന്നതിൽ
കാരണമെന്തെന്നു കണ്ടതില്ലേ
ഏതൊരു ലോകമിതെന്നതു ചിന്തിച്ചാൽ
ഏതുമേ നിർണ്ണയിക്കാവതല്ലേ.
സ്വർഗ്ഗമായ് മേവുന്ന ലോകമെന്തിങ്ങനെ
നിർഗ്ഗമിച്ചിന്നിതിലായിതോതാൻ?
എന്നുടെ ഗേഹമിതെന്നതു ചിന്തിച്ചാൽ
നിർണ്ണയമുണ്ടെനിക്കുള്ളിലെന്നാൽ
ദുഷ്ടന്മാരായുള്ള മന്നവരാരാനും
പെട്ടെന്നു വന്നു മൽ ഗേഹം തന്നിൽ
ആട്ടിവിട്ടെന്നുടെ ഭാര്യയേത്തന്നെയും
കോട്ടയും കോരിനാരെന്നുവന്നു
ഗേഹവും കൂടാതെ ഭാര്യയും കൂടാതെ
കേവലം പോകനാമെന്നുവന്നു.
ശില്പങ്ങൾ കണ്ടിനി വിസ്മയിച്ചീടാതെ
മൽപ്രിയപോയെടമാരായ്‌വൂ ഞാൻ
ശ്രീപത്മനാഭനെക്കണ്ടെനിക്കിങ്ങനെ-
യാപത്തുപോന്നു പിണഞ്ഞൊല്ലാഞ്ഞു.
ചെമ്മപെരുത്തുചെറുത്തുനിന്നീടിനാൽ
തണ്മയേ വന്നീടുമെന്നു ഞായം.
വേദനമേവുന്ന മാനസം വെന്തിട്ടു
രോദനം വേണ്ടുന്ന കാലത്തിപ്പോൾ

അന്തമില്ലാതൊരു സന്തോഷം പൊങ്ങുന്നു-
തെന്തതിൻ കാരണമെന്നു ചൊൽവൂ.''
ധന്യനായ്നിന്നുളെളാരാരണനിങ്ങനെ
തന്നിലേ ചിന്തിച്ചുനിന്നനേരം
ആരണനാരിമാർ മൗലിയായ് മേവിനി-
ന്നാര്യയായുളെളാരു ഭാര്യയപ്പോൾ
തൻപതി വന്നതു കണ്ടൊരു നേരത്തു
സംഭ്രമിച്ചമ്പിനോടാദരവിൽ
സുന്ദരിമാരായ ചേടികൾ ചൂഴററു
വന്നു തുടങ്ങിനാൾ മന്ദമപ്പോൾ
കാർവർണ്ണൻചൊല്ലാലെ മുന്നമേ വന്നൊരു
വാരിജമന്ദിരയെന്നപോലെ.
ദൂരവേവന്നുളള നാരിയെക്കണ്ടുളെളാ-
രാരണൻ ചിന്തിച്ചാൻ തന്നിലപ്പോൾ:-
''സുന്ദരിയായൊരു നാരിയുണ്ടിങ്ങോട്ടു
വന്നുതുടങ്ങുന്നതാകിലോതാൻ
രത്നങ്ങൾ പൂണ്ടൊരു മേനിയെക്കാണുമ്പോൾ
കല്പകവല്ലിതാനെന്നുതോന്നും
ലക്ഷണമൊന്നൊന്നേ ചിന്തിച്ചു കാണുമ്പോൾ
ലക്ഷ്മിതാൻ കേവലമല്ലയല്ലി?
ഉത്തമമായൊരു നാരിയെന്നുളളതോ
വ്യക്തമായ് ചൊല്ലാമിമ്മേനി കണ്ടാൽ
ആരണനാരിയെന്നിങ്ങനെ തോന്നുന്നു-
താനനം തന്നിലേ നാണം കണ്ടാൽ
എന്നുടെ മാനസമന്യമാരാരിലും
എന്നുമേ ചെല്ലുവോന്നല്ലയല്ലോ;
ഇന്നവൾതന്നിലേ ചെന്നുനിന്നീടുന്നു
പിന്നെയും പിന്നെയും കണ്ടതോറും
പാപത്തെപ്പൂരിപ്പാൻപോകാതെ നീയെന്നി-

പ്പാപിയോടേററം ഞാൻ ചൊല്ലുംനേരം
എന്നെയും കൈവിട്ടു പിന്നെയും ചെല്ലുന്നു
തന്നുടെ കോരകമെന്നു നണ്ണി.
കഷ്ടമേയെന്നുടെ കർമ്മവും കൈവിട്ടു
ദുഷ്ടനായ്‌വന്നു ഞാനിന്നുനേരെ
കാണുന്ന നേരമന്നാണവുംപൂണ്ടനി-
ന്നാനനംതന്നെയും താഴ്ത്തുമെല്ലെ
എന്നുടെ പാദങ്ങൾ തന്നിലേനോക്കുന്നോ-
ളെന്നുടെ ജായതാനെന്നപോലെ.''
ആരിവളെന്നുള്ളതിങ്ങനെ ചിന്താച്ചി-
ട്ടാരണൻ പിന്നെയും നോക്കുന്നേരം
ചാരത്തുവന്നൊരു ഭാര്യതാനങ്ങവൻ
വാരുററ പാദങ്ങൾകുപ്പി നിന്നാൾ,
കുപ്പിനിന്നീടുന്ന ജായതൻമെയ്യെങ്ങും
വായ്‌പോടു നിന്നങ്ങു പാർത്തനേരം
രത്നങ്ങൾ തന്നുടെ രശ്മികൾകൊണ്ടെങ്ങും
പ്രത്യംഗമെല്ലാമേ മൂടുകയാൽ
ജായയെന്നുള്ളതു നിർണ്ണയിച്ചീടുവാ-
നായില്ലയങ്ങവനൊട്ടുനേരം:
പിന്നെയും ചിന്തിച്ചു തന്നുടെ ജായയെ-
ന്നിങ്ങനെ തന്നിലുറച്ചനേരം
തന്നെ മറന്നൊരു സന്തോഷം പൂണ്ടുതൻ
മന്ദിരം പൂകിനാൻ ഭാര്യയുമായ്.
പെട്ടെന്നു ചെന്നു നൽകെട്ടകം തന്നിൽപ്പു-
ക്കിഷ്ടമായുള്ളൊരു കട്ടിൽതന്മേൽ
പുത്തനായുള്ളൊരു മെത്തതൻ മീതേപോയ്
സ്വസ്ഥനായ് ചെന്നങ്ങിരുന്നനേരം
നീതിയിൽ നിന്നങ്ങു ചോദിച്ചാൻ തന്നുടെ
ഭൂതിയുണ്ടായതിൻ കാരണത്തെ.

ഇഷ്ടനായുള്ളവൻ ചോദിച്ചനേരത്തു
തുഷ്ടയായുള്ളൊരു ഭാര്യ ചൊന്നാൾ:-
"ഇന്നലെയീന്നേരം വന്നതു കാണായി
സുന്ദരിയായൊരു നാരിതന്നെ:
പങ്കജമുണ്ടു നൽക്കൈകളിൽ രണ്ടിലും
കൊങ്കയിലുണ്ടുനന്മുത്തുമാല;
ചേണഞ്ഞുനിന്നുള്ളൊരാണിപ്പൊന്നെല്ലാമേ
നാണിച്ചുപോമവൾകാന്തികണ്ടാൽ.
പൊൽക്കടം പൂണ്ടുള്ളോരാനകൾ രണ്ടുണ്ടു
നില്ക്കുന്നുതങ്ങവൾ രണ്ടുപാട്ടും.
ആയിരം തിങ്കൾതൻ കാന്തിയെ വെന്നുള്ളോ-
ളാനനംതന്നുടെ കാന്തികണ്ടാൽ.
തെറ്റെന്നു പോന്നിങ്ങു വന്നുടൻ നമ്മുടെ
ചെററയിൽ നൂണുടൻ നിന്നുചൊന്നാൾ:
'ദ്വാരകതന്നിൽനിന്നിന്നു ഞാൻ വന്നു നി-
ന്നാരണൻ വന്നതു കാരണമായ്.
എന്നതു കേട്ടു ഞാൻ ചെന്നങ്ങു നിന്നപ്പോ-
ളുന്നിലം തന്നിൽമറഞ്ഞുകൊണ്ടാൾ.
പിന്നെ ഞാൻ നോക്കുമ്പോളിന്നിലംതന്നെയു-
മെന്നെയുമിങ്ങനെ കണ്ടേനത്രെ.''
ഇങ്ങനെകേട്ടുള്ളോരാരണൻ ചിന്തിച്ചി-
ട്ടിന്ദിരതാനെന്നു നണ്ണിപ്പിന്നെ
കാർവർണ്ണൻതന്നുടെ ലീലയെന്നിങ്ങനെ
ഭാര്യയും താനുമായ് നിർണ്ണയിച്ചാൻ.
ഏറിയിരുന്നോരു മോദവും പൂണ്ടുനി-
ന്നാരണൻ തന്നുടെ ഭാര്യയുമായ്
വിണ്ണിലുണ്ടാകുന്ന ഭോഗങ്ങളെല്ലാമേ
മണ്ണിൽനിന്നങ്ങു ഭുജിച്ചുനിന്നാൻ.
ഇഷ്ടങ്ങളായുള്ള ഭോഗങ്ങൾ സേവിച്ചി-

ട്ടൊട്ടുനാളിങ്ങനെ ചെന്നകാലം
ശ്രീമദമേറുന്നിതെന്നൊരു പേടിപൂ-
ണ്ടാരണൻ തന്നിലേ നണ്ണിനിന്നാൻ:-
"ഭോഗങ്ങൾ തന്നെ ഭുജിച്ചുനിന്നിങ്ങനെ
ഭോഷനായ്പോയി ഞാനെന്നുവന്നു.
ഭോഗങ്ങളെല്ലാമേ പോകെന്നു ചൊന്നിനി
യോഗങ്ങൾവേണം ഞാനാചരിപ്പാൻ."
ഇങ്ങനെ ചിന്തിച്ചു പൊങ്ങിനിന്നീടുന്ന
സംഗങ്ങളെല്ലാമേ ദൂരത്താക്കി
സംഗംവെടിഞ്ഞൊരു മാനസം തന്നെയും
പങ്കജലോചനൻ തങ്കലാക്കി
കേവലയായൊരു ഭാവന തന്നിലെ
മേവിനിന്നീടിനാൻ മെല്ലെ മെല്ല.
ഭാവനകൊണ്ടു വശിച്ചുനിന്നീടുന്ന
ഗോവിന്ദരൂപം തന്മാനസത്തിൽ
ദർപ്പണം തന്നിലുള്ളാനനം പോലെയ-
ങ്ങെപ്പൊഴും കാണായിവന്നുതപ്പോൾ.
ദീനങ്ങൾ വേറിട്ടൊരാരണനിങ്ങനെ-
യാനന്ദലീനനായ്നിന്നുപിന്നെ
നേരറ്റുനിന്നൊരു ചങ്ങാതിയായ ഞാൻ
വേറിട്ടുപോകൊല്ലായെന്നപോലെ
വൻകനിവമ്പുന്ന പങ്കജലോചനൻ
തൻകഴൽതങ്കലേതാങ്ങിക്കൊണ്ടാൻ.

# വ്യാഖ്യാനം

1—10, ആരണൻ=ബ്രാഹ്മണൻ: ദേശികൻ പാരത്തു്=ഗുരുവിൻെറ അടുത്തു്. താന്തൻ=ക്ഷീണിച്ചവൻ.

11, 12. കുചേലൻ 'പാരിലെങ്ങും നടന്നു യാചിച്ചുപോരുവോൻ' ആയിരുന്നു എന്നതിനു മൂലഗ്രന്ഥത്തിൽ തെളിവുകാണുന്നില്ല; യദൃച്ഛയാ ലഭിക്കുന്ന വസ്തുക്കൾകൊണ്ടു് അദ്ദേഹം ഉപജീവനം കഴിച്ചിരുന്നു. ചെറുശ്ശേരി പറയുംപോലെ ലോകമെല്ലാം നടന്നു യാചിച്ചിരുന്നുവെങ്കിൽ കുചേലൻ എന്നേ കുബേരനാകുമായിരുന്നു! കൂടാതെ ദ്വാരകയിൽച്ചെന്നപ്പോൾ യാചിക്കുവാൻ നാണിക്കയുമില്ലായിരുന്നു.

13, 14. കുത്സിതം=നിന്ദ്യം. കുത്സിതമായ ചേല=മുഷിഞ്ഞ മുണ്ടു്. മലിനവസ്ത്രം ധരിച്ചു നടക്കയാലാണുപോലും കുചേലനെന്നു പേരുണ്ടായതു്. അദ്ദേഹത്തിനു് മാതാപിതാക്കന്മാർ നൽകിയപേരു് സുദാമാവു് എന്നായിരുന്നു.

21. ഓദനം=ചോറു്. 23 ഓദനം തന്നോനെക്കണ്ടതുമില്ലെങ്ങും=നമുക്കു ചോറുതന്നു സഹായിക്കാൻ ഒരു ബന്ധുപോലുമില്ല.

35, 36. അർത്ഥം വ്യക്തമാവുന്നില്ല. ഏതോ പഴഞ്ചൊല്ലുപോലെയിരിക്കുന്നു. ഏററുനിന്നീട്......ചെന്ന

ണ്ടെടുക്കാം:—ഇങ്ങനെയാവാം അത്ഥം; ലക്ഷ്യത്തിലേക്ക് ഒരു അമ്പ് അയച്ചാൽ ചെന്നുകൊള്ളുന്നപക്ഷം ലാഭം. കൊണ്ടില്ലെങ്കിൽ അമ്പു തിരികെയെടുക്കാം. ചേതമില്ല. അതുപോലെ കൃഷ്ണൻ നമ്മുടെ പ്രാത്ഥന കേറക്കുന്നെങ്കിൽ കാര്യങ്ങളാം ഉള്ളവണ്ണം അദ്ദേഹത്തോടു പറയുക, നമുക്കു വല്ലതും കിട്ടും: അല്ലെങ്കിൽ കൃഷ്ണനെ ഒന്നു കണ്ടു തിരികെപ്പോരാം. നഷ്ടമൊന്നും വരാനില്ലല്ലൊ. ആണചൊല്ലാം എന്നതിനു പകരം ആണ്മചൊല്ലാം എന്നാണോ പാഠമെന്നു സംശയമുണ്ട്.

49. സാഹസം = ശക്തിയായ പ്രേരണ: നിർബന്ധം.

51. രാഗികറം = സ്നേഹിതന്മാർ. ബാല്യത്തിൽ ഒരിടത്തുതന്നെ ഉണ്ടും ഉറങ്ങിയും സഹോദരന്മാരെപ്പോലെ കഴിഞ്ഞുകൂടിയ ചങ്ങാതികളാണല്ലൊ ഞങ്ങറം. 53. പ്രാഭൃതം = കാഴ്ചവയ്ക്കാനുള്ള ദ്രവ്യം. 65. ആസ്ഥപൂണ്ട് = ശ്രദ്ധയോടുകൂടി. 66. പേത്തുണി = മുഷിഞ്ഞ കീറത്തുണി. 73. ചെന്നാലേതെല്ലാം = ചെന്നാലത്തെ അവസ്ഥകളെല്ലാം 76. കണക്ക് = യോഗ്യത; ഭാഗ്യം. 78. ആലോക്യൻ = നോക്കപ്പെട്ടവൻ. 83 ആവേടത്തോളമെങ്കിലും — കൃഷ്ണസന്നിധിവരെപ്പോകുന്നതിനു ദ്വാരപാലകർ സമ്മതിക്കുകയില്ലായിരിക്കാം. എങ്കിലും ഒക്കുന്നിടംവരെപ്പോകുകതന്നെ. 88. വാരിതൻ = തടുക്കപ്പെട്ടവൻ.

93—96. ബ്രഹ്മാവു കുചേലനെ അസ്ഥികറംകൊണ്ടു മാത്രം സൃഷ്ടിച്ചതിന്റെ കാരണം ഉൽപ്രേക്ഷിച്ചിരിക്കുന്നു. ലോകക്ക് ബീഭത്സത്തിന്റെ മാതൃക കാട്ടികൊടുക്കുക എന്ന വിനോദത്തിലേർപ്പെട്ട ബ്രഹ്മാവ് ആ രസത്തിനു് ഒരു ആലംബമായിട്ടാണു് കുചേലനെ സൃ

ഷ്ടിച്ചതു്. ജുഗുപ്സ(വെറുപ്പ്) ആണല്ലൊ ബീഭത്സമായി വളരുന്നതു്. ബ്രഹ്മസൃഷ്ടികളിൽവച്ച് ഏററവും വെറുപ്പതോന്നിക്കുന്ന വസ്തുവായിരുന്ന കുചേലൻെറ ദേഹമെന്നു സാരം. ആബദ്ധലീലൻ = വിനോദത്തിനു് ഉറച്ചു് ഒരുമ്പെട്ടവൻ.

97, 98. കുചേലൻെറ തലയിലെ നരച്ച നാരിനെ വർണ്ണിക്കുന്നു. ഈ കേശം(തലമുടി)പേശലമായ(ഭംഗിയുള്ള) കാശത്തോട്ട് (ദർഭപ്പൂവിനോട്ട്) ഏശിപ്പേശുവാൻ(എതിരിട്ടുതർക്കിക്കുവാൻ)മതിയായതാണു്. നരച്ച തലമുടി ദർഭപ്പൂപോലെ വെളുത്തതാണെന്നു് ഉപമ.

99, 100. പാങ്കുഴി = പൊട്ടക്കുഴി. കുചേലൻെറ കണ്ണുനിർമ്മിച്ചപ്പോഠം അതു് ആഗാധമായ ഒരു കുഴിയായിരിക്കട്ടെ എന്നായിരുന്നു ബ്രഹ്മാവിൻെറ സങ്കല്പം. ഏതായാലും പാങ്കുഴിയെന്ന പേരിനു് കണ്ണു് യോഗ്യം തന്നെ.

101, 102. ഒട്ടിയ വയറിനെ വർണ്ണിക്കുന്നു. പാതാളലോകത്താലൊന്നു് = പാതാളലോകങ്ങളിൽ ഒന്നു്. ഒരു പാതാളം പോയി കുചേലൻെറ വയറിൻെറ സ്ഥാനം കരസ്ഥമാക്കിയിരിക്കണം.

103—108. കോലുപോലെയിരിക്കുന്ന കാലുകളെ വർണ്ണിക്കുന്നു. ലോകം താഴെവീഴാതിരിക്കണമെങ്കിൽ വേണ്ടത്ര നീളമുള്ള തൂണുകഠം വേണം. വിശ്വസ്തംഭത്തിൻെറ നീളത്തെപ്പററി കണക്കുകൂട്ടുന്ന സമയത്തായിരിക്കണം നാളീകജന്മാവ് (പത്മസംഭവൻ-ബ്രഹ്മാവു്) കുചേലൻെറ കാലു നിർമ്മിച്ചതു്. അതിൻെറ അസാധാരണദൈർഘ്യത്തിനു മറെറാരു കാരണവും കാണുന്നില്ല.

DHARMARAM COLLEGE LIBRARY
BANGALORE-29.
37069

109. ദുർഭഗൻ=അസുന്ദരൻ. വിപ്രത=ബ്രാഹ്മണത്വം. 110. അത്ഭുതവീര്യൻ=അത്ഭുതകരമായ തേജസ്സുള്ളവൻ. 111. ബ്രഹ്മം=ബ്രഹ്മണനു ചേർന്നതു്, കുചേലന്റെ ദേഹം മെലിഞ്ഞു വൃത്തികേടായിരിക്കുന്നുവെങ്കിലും അതിൽ ബ്രഹ്മതേജസ്സു് സ്പഷ്ടമായിക്കാണാം. 113. നമ്മുടെ മന്ദത(മൂഢത്വം)കൊണ്ടു് ഇവൻ നിന്ദിക്കപ്പെടേണ്ടവനല്ല.

125, 26. ദിവ്യങ്ങളായ വേദങ്ങൾപോലും തേടിച്ചെല്ലുന്ന പാദങ്ങളുള്ള ശ്രീകൃഷ്ണൻ ഇതാ കുചേലന്റെ സമീപത്തേക്കു് ഓടിയെത്തുന്നു. ഈശ്വരനെ അന്വേഷിക്കുന്ന വേദങ്ങൾ പോലും നേതി നേതി (ഇതല്ല, ഇതല്ല) എന്നു മനസ്സിലാക്കി നിരാശരാകുന്നതല്ലാതെ അദ്ദേഹത്തെ ശരിക്കു കാണുന്നില്ല. പരമയോഗികൾക്കുപോലും പിടികിട്ടാത്ത ആ ഭഗവാൻ നിസ്സായനായ കുചേലനെ ആശ്ലേഷിക്കുവാൻ അങ്ങോട്ടോടിയെത്തുന്നു. അത്രയ്ക്കുണ്ടു് ഭക്തിയുടെ അത്ഭുതകരമായ ആകർഷശക്തി.

127-30. വാരിജകാമുകൻ=താമരയുടെ ഭർത്താവു്, സൂര്യൻ. ബ്രഹ്മണനാകുന്ന സൂര്യനെക്കണ്ടു് കൃഷ്ണമുഖമാകുന്ന താമരപ്പൂവു വികസിച്ചു. സതീർത്ഥ്യനെകണ്ട ഭക്തവത്സനായ ഭഗവാൻ അത്യധികം പ്രസന്നവദനനായി എന്നു സാരം.

131—38. പൂമാതു്=മഹാലക്ഷ്മി. ആരണമേനി=ബ്രാഹ്മണന്റെശരീരം. അച്യുതൻപൂവൽമെയ്=വിഷ്ണുവിന്റെ മൃദുശരീരം. മേദിനീദേവൻ=ബ്രാഹ്മണൻ. രാഗം=സ്നേഹം(ചുവപ്പുനിറം എന്നും). ലക്ഷ്മീദേവിയെ ആലിംഗനം ചെയ്യുന്ന ദിവ്യമായ മാർവ്വിടംകൊണ്ടു് അച്യുതൻ അസ്ഥിമാത്രനായ ബ്രാഹ്മണനെ ഗാഢമായി പുണർന്നു. കുചേലന്റെ അസ്ഥികളേററ കൃഷ്ണന്റെ മൃദുല

ശരീരം നൊന്തുചുവന്നു. ഈ ചുവപ്പ് ബ്രാഹ്മണൻെറ ഹൃദയത്തിലുളള രാഗം (സ്നേഹം) കൃഷ്ണശരീരത്തിൽ വ്യാപിക്കയാലുണ്ടായതായിരിക്കണം. രാഗത്തിനു ചുവപ്പ് എന്നു രണ്ടാമതൊരർത്ഥമുളളതു് ഇവിടെ ചമൽക്കാരകാരിയാകയാൽ ശ്ലേഷാനുപ്രാണിതമായ ഉൽപ്രേക്ഷാലങ്കാരം.

141, 2. ശില്പം = ശോഭ. ശോഭയുളളതും വലുതുമായ സ്വർണ്ണാസനത്തിൽ കുചേലനെ ഇരുത്തി. 145, 6, വീതു തുടങ്ങി = വീശിത്തുടങ്ങി. ശൈവ്യ, ശൈബ്യ = ലക്ഷ്മി. 147, 8. നീടററതു് = നീളമുളളതു്. വീടിക = വെററിലച്ചുരുൾ. 151. പെണ്ണുക = ചെയ്യുക, അനുഭവിക്ക. ശ്രദ്ധാപെണ്ണുന്നു = കൊതിക്കുന്നു, 156 ആചരിച്ചീടിന വേല = ചെയ്ത പ്രവൃത്തി. 158 ആടൽ = ദുഃഖം. കൂടെക്കൂടെ ഉണ്ടായിക്കൊണ്ടിരിക്കുന്ന ജീവിത ക്ലേശത്തിനിടയിൽ ബാല്യത്തിലെ കഥകൾ മറന്നുപോയിട്ടില്ലല്ലോ?

165 ഇന്ധനം = വിറകു്. അന്ധർ = അറിവില്ലാത്ത ബാലന്മാർ. നമ്മോടങ്ങായിതു് = നമ്മോടു പറഞ്ഞു. 166 അന്നടേ = അപ്പോൾതന്നെ, 171 പൂരിക്കുക = പൂർണ്ണമാക്കുക, തികയ്ക്കുക. 176. വേപം = വിറയൽ, ഭയം. 181–84 ദ്യുസ്ഥൻ = ആകാശത്തിൽ നില്ക്കുന്നവൻ. പുഷ്കരകാന്തൻ = താമരയുടെ ഭർത്താവു്, സൂര്യൻ. അംബരം = ആകാശം. ഘോരമായ മഴയേററു സഹിക്കവയ്യാഞ്ഞിട്ടായിരിക്കണം സൂര്യൻ അസ്തമിച്ചതെന്നു ഹേതൂൽപ്രേക്ഷ. ആകാശസ്ഥിതനായ സൂര്യൻ ആകാശത്തിൽ അസ്തമിച്ചു എന്നു പറയുമ്പോൾ ഔചിത്യം പോരാ. ഒന്നുകിൽ ആകാശത്തിൽനിന്നു മറഞ്ഞു എന്നോ, അല്ലെങ്കിൽ, അംബരശബ്ദത്തിനു വെളളം എന്ന അർത്ഥം സ്വീകരിച്ചു് സമുദ്രത്തിൽ മറഞ്ഞു എന്നോ വ്യാഖ്യാനിക്കാം.

ദൃസ്ഥനു പകരം ദസ്ഥൻ(വിഷമിച്ചവൻ) എന്ന പാഠാന്തരവുമുണ്ട്. 187 എന്നപ്പോരം = അങ്ങനെയിരിക്കവേ 193 ചുഴവും = ചുററും 201 ഈഷൽ = അല്പം 207 കാട്ടികാം = കാട്ടുപോത്തുകാം 209, 10 കാട്ടാനയെക്കണ്ടു പേടിച്ച കഥ വല്ലവരുടേയും മുമ്പിൽ പറയാൻപോലും നാണമാകുന്നു 211-16 പന്നികാം നേരെ വന്നപ്പോഴാണു് നാം കൂട്ടുവിട്ടുപോയതു്, അന്നു നാം പരസ്പരം പേരുവിളിച്ചു കരഞ്ഞു നടന്നുവിഷമിച്ചതു കണ്ടവരുണ്ടെങ്കിൽ ഇപ്പോഴും കരഞ്ഞേനെ. 221-24 വീണ്ടും നാം കണ്ടുമുട്ടി ആലിംഗനം ചെയ്തപ്പോഴത്തെ ആനന്ദംപോലെ ഒരാനന്ദം ഒന്നുകൂടി അനുഭവിച്ചാൽകൊള്ളാമെന്നു പലപ്പോഴും കൊതിച്ചിട്ടുണ്ടെങ്കിലും ഇതേവരെ അതിനു സംഗതിയായിട്ടില്ല. അന്നയോളം = അന്നത്തേതിൻെറത്തു. 233. കോഴ = ദുഃഖം 235 മേളത്തിൽ = ഭംഗിയായി, ആഘോഷമായി. കോഴിയുടെ ശബ്ദത്തെ ഉദിക്കവാൻപോകുന്ന സൂര്യൻെറ ഘോഷയാത്രയിൽ കേൾക്കന്ന കാഹളശബ്ദമായി ഉൽപ്രേക്ഷിച്ചിരിക്കുന്നു. 238 ആശി = അനുഗ്രഹം. നേരം വെളുക്കാറായ സംഗതി വിളിച്ചറിയിച്ച കോഴികാംക്കു നാം നൽകിയ അനുഗ്രഹങ്ങളുടെ ശക്തികൊണ്ടു് അവ ചിരഞ്ജീവികളായിത്തീർന്നിരിക്കണം.

243-46 പ്രഭാതത്തോടുകൂടി ഇരുട്ടും മഴയും നീങ്ങുകയാൽ കൃഷ്ണനും കുചേലനും പേടിതീൎന്നു് ആശ്വസിച്ചു. പേമഴ, ഇരുട്ടു്, പേടി ഈ മൂന്നും ദൂരത്തുപോയി മറഞ്ഞു എന്ന ഒരേ ക്രിയയിൽ അൎത്ഥത്തോടുകൂടി അന്വയിക്കുകയാൽ ദീപാലങ്കാരം.

24—952. ആഖണ്ഡലാശ = ആഖണ്ഡൻെറ(ഇന്ദ്രൻെറ) ആശ (ദിക്കു്): കിഴക്കുദിക്കു്. വാർകൊണ്ടുനി

ന്നൊരു=ശോഭയുള്ള. കിഞ്ചന=അല്പം, വൃദ്ധിക്കുക ന്ന സ്ത്രീക്കു മനോഹരമായ ആഭരണമായി സൂര്യൻ ഉദി ച്ചുതുടങ്ങി. രൂപകാലങ്കാരം. 256 കാതരമാനസൻ= ഭയപ്പെട്ടമനസ്സോടുകൂടിയവൻ. 259-60 ശിഷ്യന്മാരെ കണ്ട സാന്ദീപനി, സങ്കടംകൊണ്ടു തൊണ്ട അടഞ്ഞിരു ന്നതിനാൽ, ഒന്നും മിണ്ടിയില്ലെങ്കിലും ആ കുറവ് ആ ലിംഗനംകൊണ്ടു പരിഹരിച്ചു. തോയുക=വർദ്ധിക്കു ക, നിറയുക, പ്രവഹിക്കുക. ലോചനതോയം=കണ്ണു നീർ. സന്തോഷവും സന്താപവും നിറഞ്ഞ കണ്ണുനീർ തൂകിക്കൊണ്ടു് ഗുരു ശിഷ്യന്മാരെ അനുഗ്രഹിച്ചു. 276. നണ്ണുക=വിചാരിക്കുക. 277. മറപ്പതിനു്=മറക്കുന്ന തിനു്.

278. ഓർച്ച=വിചാരം. 280. മാമയൻ=മായാ മയൻ. 305. വയന്നു്=ശീലിച്ചു്. 310 പല്ലുകറം... നേരം=പല്ലുകളുടെ നോവു കുറഞ്ഞപ്പോറം. 317-22 ഉ ററവരെന്നുമ്പോറം=സ്വന്തമാണല്ലൊ എന്നുള്ളതു വി ചാരിക്കുമ്പോറം. 'അങ്ങേക്കധീനയായിട്ടിരിക്കുന്ന എ ന്നെ ഇപ്രകാരം അന്യനു വില്ക്കുന്നതു് യോഗ്യമായിരി ക്കാം' എന്നു പരിഹാസം. ഏതായാലും കാരുണ്യമുണ്ടാ യിട്ടു് എന്നെ ബ്രാഹ്മണൻെറ മുററമടിക്കത്തക്കവണ്ണം ദാ സിയാക്കിത്തള്ളരുതു്. അങ്ങു് ഈ കല്ലും നെല്ലും തി ന്നാൽ അതിൻെറ പ്രതിഫലം കൊടുക്കുക എന്ന എ ൻെറ ജോലി വളരെ വിഷമമായിത്തീരും. ആദ്യത്തെ ഒരുപിടി അവലിനു വിലയായി കുചേലനെ കുബേര നാക്കി. ഇനിയും വാരിയാൽ അതിൻെറ വില കൊടു ക്കുവാൻ ലക്ഷ്മിക്കു കഴിവില്ലെന്നർത്ഥം. കുചേലൻെറ ദാ സിയായിപ്പോയാൽത്തന്നെ വിലയടങ്ങുമോ എന്നു സം ശയം. ഈ സന്ദർഭത്തിൽ കുചേലവൃത്തം വഞ്ചിപ്പാട്ടി ലെ ഭാഗം നോക്കുക:-

"മതിപ്പാനും കൊടുപ്പാനും തന്നെ ഞാനിന്നൊന്നുകൊണ്ടും
മതിയാകയില്ലെന്നായി വന്നീരിക്കുന്നു
പിറന്നന്നുതുടങ്ങീട്ടു പിരിയാതെ പാക്കുമെന്നെ
മറന്നെന്നു തോന്നീടുന്നിതധുനാ, ബന്ധം
മുറിച്ചയച്ചീവിപ്രൻെറ പത്നിക്കു ദാസിയാകുവാൻ
ഉറച്ചിതോ തിരുമനസ്സിലിതെന്തയ്യോ''

334. വല്ലീല=കഴിഞ്ഞീല്ല. 340 വീശം=അല്പം

341-350 പാതി പൃക്കീടുന്ന ചേല=ഒരു ചേലയുടെ പകുതി. ഒരു ചേലക്കഷണമോ ഒരു ശകലം എണ്ണയോ കിട്ടിയിരുന്നെങ്കിൽ പത്നിക്കു തൃപ്തിയാകുമായിരുന്നു. വളരെ ദൂരം നടന്നുചെന്നിട്ടു് അത്രയുംപോലും സാധിച്ചില്ല. ഭാഗ്യമില്ലാത്തകാലത്തു് ഒരു ഉദ്യമവും ഫലിക്കയില്ല. അർത്ഥാന്തരന്യാസം. 352 കല്പകശാഖി=കല്പകവൃക്ഷം. 354 പൂരിച്ചുനിന്നുതും=സാധിച്ചതന്നെ. 361. നിർഗ്ഗതൻ=പുറപ്പെട്ടവൻ. സദ്ഗതി=മോക്ഷം, മോക്ഷപ്രദൻ. 371. താവുക=ധാരാളമുണ്ടായിരിക്കു. കാവു്=ഉദ്യാനം. 377. പ്രാഭവംകോലും=ബലമുള്ള. പ്രാകാരം=മതിൽ. 378. പ്രാസാദജാലം=മാളികക്കൂട്ടം. 382. വ്യാപരിച്ചീടിനാൻ കണ്ണുകൊണ്ടേ=കണ്ണുകൊണ്ടു പ്രവർത്തിച്ചു: നോക്കിയെന്നു സാരം.

"ഉമാമുഖേബിംബഫലാധരോഷ്ഠേ
വ്യാപാരയാമാസവിലോചനാനി
(കുമാരസംഭവം III, 67)

എന്ന കാളിദാസ പ്രയോഗത്തെ അനുകരിച്ചതാവണം.

383. പൊൽക്കമ്പം=സ്വർണ്ണസ്തംഭം (പൊൻനിറത്തിലുള്ള തൂണു്) 385. വേദി=തറ. 389 ഓലക്കം=ശോഭ. 391. വാജി=കുതിര. 392. വാരണം=ആന.

വിദ്രുമം=പവിഴം. 397. വന്ദികരം=സ്തുതിപാഠകന്മാർ 398. ചേവകർ=സേവകന്മാർ, പരിചാരകന്മാർ. 401 അധ്വഗൻ=വഴിപോക്കൻ 406, 7. ഇതിൽ=ലോകത്തിൽ. സ്വർഗ്ഗലോകംപുറപ്പെട്ട് ഇവിടെ വന്നുചേൎന്നോ 419_23. ശ്രീകൃഷ്ണനെ കണ്ടുപോന്ന എനിക്ക് ഇപ്രകാരം ഒരാപത്തുവരാൻ പാടില്ലാത്തതായിരുന്നു. നന്മ അധികമാകയാൽ തിന്മയാണനുഭം. (കൃഷ്ണഭക്തനായി വീട്ടിലിരുന്ന കുചേലനു ദാരിദ്ര്യംകൊണ്ടുള്ള കഷ്ടതയേ ഉണ്ടായിരുന്നുള്ളു; കൃഷ്ണനെക്കണ്ടു കൂടുതൽ പുണ്യം നേടിയപ്പോഴ് വീടും കുടിയും കൂടി പോയിരിക്കുന്നു) 435, 36. വാരിജമന്ദിര=താമരയിൽ വസിക്കുന്നവൾ, മഹാലക്ഷ്മി. ബ്രാഹ്മണപത്നിയെക്കണ്ടാൽ ശ്രീകൃഷ്ണൻ കുചേലഗൃഹത്തിലേക്കു പറഞ്ഞയച്ച ലക്ഷ്മീദേവിയാണോ എന്നുതോന്നും. 453_56. പുതിയവേഷത്തിൽ വരുന്ന പത്നിയെ കുചേലൻ പെട്ടെന്നു തിരിച്ചറിയുന്നില്ല. എന്നാൽ മനസ്സ് അങ്ങോട്ടു പോകുന്നുണ്ടുതാനും. "എന്റെ മനസ്സിനോട് അന്യസ്ത്രീയുടെ നേരെ പായരുതെന്ന് ആജ്ഞാപിച്ചിട്ടും ആ പാപി ആജ്ഞ ലംഘിച്ചുതന്നെ എന്നെവിട്ടു തന്റെ പ്രിയഭാജനമെന്നു വിചാരിച്ച് അങ്ങോട്ടുതന്നെ പോകുന്നു. കോരകം=പൂമൊട്ട്; സ്നേഹഭാജനം എന്ന് ഇവിടെ അൎത്ഥം 457. കൎമ്മം=കർമ്മഫലം, പുണ്യം. 469_72 രത്നാഭരണങ്ങളുടെ രശ്മികൊണ്ട് ഓരോ അംഗവും പരിപൂർണ്ണമായി മറഞ്ഞിരുന്ന അവൾ ഭാര്യയാണെന്നു നിർണ്ണയിക്കുവാൻ കുചേലനു വളരെ നേരം വേണ്ടിവന്നു. 481. നീതിയിൽ=നന്നായി, സന്തോഷത്തോടുകൂടി. 482, ഭൂതി=ഐശ്വര്യം. 489. ആണിപ്പൊന്ന്=മനോഹരമായ പൊന്ന്. 491, 2. ഇരുവശത്തും പൊൽകുടങ്ങൾ വഹിക്കുന്ന ആനകൾ നില്പുണ്ട്. 509_ 510. സ്വർഗ്ഗീയമായ

സുഖങ്ങളെല്ലാം ഭൂലോകത്തുവച്ചുതന്നെഅനുഭവിച്ചു 513 ശ്രീമദം=ഐശ്വര്യം സ്വാധീനമാകയാലുള്ള അഹങ്കാരം. 518 യോഗങ്ങൾ=ഈശ്വരധ്യാനമാർഗ്ഗങ്ങൾ. 520 സംഗം=ലൗകികതാത്പര്യം, 523. ഭാവന=സങ്കല്പം. ധാന്യം. 525.വശീകരിക്കുക=ആകർഷിക്കുക, വശമാക്കുക. 527. ദർപ്പണം=കണ്ണാടി. 531. നേരററുനിന്ന=നിസ്സലനായ. ''കൃഷ്ണൻെറ ഉത്തമമിത്രമായ ഞാൻ അദ്ദേഹത്തെ വേർപെട്ടു പോകരുതെ''ന്നു വിചാരിച്ചിട്ടെന്നപോലെ കുചേലൻ കാരുണ്യനിധിയായ ഭഗവാൻെറ പാദങ്ങൾ തൻെറ മനസ്സിൽ വഹിച്ചു. യോഗസമാധിയിൽ ലയിച്ചു എന്നു താത്പര്യം.

# അനുബന്ധം

ഭാഗവതം ദശമം ഉത്തരാർദ്ധം
അദ്ധ്യായം 80

കൃഷ്ണസ്യാസീത്സഖാകശ്ചിദ്
ബ്രഹ്മണോബ്രഹ്മവിത്തമഃ
വിരക്ത ഇന്ദ്രിയാർത്ഥേഷു
പ്രശാന്താത്മ ജിതേന്ദ്രിയഃ
യദൃച്ഛയോപപന്നേന
വർത്തമാനോ ഗൃഹാശ്രമീ
തസ്യ ഭാര്യാ കുചൈലസ്യ
ക്ഷുത്ക്ഷാമാചതഥാവിധാ
പതിവ്രതാ പതിം പ്രാഹ
മ്ലായതാ വദനേന സാ
ദരിദ്രാ സീദമാനാ സാ
വേപമാനാഭിഗമ്യച-
"നനു ബ്രഹ്മൻ ഭഗവതഃ
സഖാസാക്ഷാച്ഛ്റിയഃപതിഃ
ബ്രഹ്മണ്യശ്ച ശരണ്യശ്ച
ഭഗവാൻ സാത്വതർഷഭഃ?

തമുപേഹി മഹാഭാഗ
സാധൂനാം ച പാരായണം
ദാസ്യതി ദ്രവിണം ഭൂരി
സീദതേ തേ കുടുംബിനേ
ആസ്തേƒധുനാ ദ്വാരവത്യാം
ഭോജവൃഷ്ണ്യന്ധകേശ്വരഃ
സ്മരതഃപാദകമല-
മാത്മാനമപിയച്ഛതി.
കിം ത്വർത്ഥകാമാൻ ഭജതേ
നാത്യഭീഷ്ടാൻ ജഗദ്ഗുരുഃ''
സ എവം ഭാര്യയാ വിപ്രോ
ബഹുശഃപ്രാർത്ഥിതോ മൃദു
അയം ഹി പരമോ ലാഭ
ഉത്തമശ്ലോകദർശനം-
ഇതിസംചിന്ത്യമനസാ
ഗമനായ മതീം ദധേ
''അപ്യസ്ത്യുപായനംകിംചിദ്
ഗൃഹേ കല്യാണിദീയതാം.''
യാചിത്വാ ചതുരോമുഷ്ടീൻ
വിപ്രാൻ പൃഥുകതണ്ഡുലാൻ
ചൈലഖണ്ഡേന താൻ ബദ്ധ്വാ
ഭർത്ത്രേപ്രാദാദുപായനം.
സ താനാദായ വിപ്രാഗ്ര്യഃ
പ്രയയൗ ദ്വാരകാംകില
കൃഷ്ണസന്ദർശനം മഹ്യം
കഥംസ്യാദിതിചിന്തയൻ
ത്രീണിഗുല്മാന്യതീയായ
തിസ്രഃകക്ഷാശ്ചസദ്വിജഃ

വിപ്രോ ഽഗമ്യാന്ധകവൃഷ്ണീനാം
ഗൃഹേഷ്വച്യുതധർമ്മിണാം
ഗൃഹം ദൃഷ്ട്വസഹസ്രാണാം
മഹിഷീണാംഹരേർദ്വിജഃ
വിവേശൈകതമംശ്രീമദ്
ബ്രഹ്മാനന്ദം ഗതോയഥാ
തം വിലോക്യാച്യുതോദ്ദൂരാത്
പ്രിയാപര്യംകമാസ്ഥിതഃ
സഹസോത്ഥായചാഭ്യേത്യ
ദോർഭ്യാം പര്യഗ്രഹീന്മുദാ.
സഖ്യുഃപ്രിയസ്യ വിപ്രർഷേ-
രംഗസംഗാതിനിർവൃതഃ
പ്രീതോവ്യമുഞ്ചദബ്ബിന്ദൂ-
ന്നേത്രാഭ്യാം പുഷ്കരേക്ഷണഃ
അഥോപവേശ്യപര്യങ്കേ
സ്വയംസഖ്യുഃസമർഹണം
ഉപഹൃത്യാവനിജ്യാസ്യ*
പാദൗപാദാവനേജനീഃ
അഗ്രഹീച്ഛിരസാ രാജൻ
ഭഗവാൻ ലോകപാവനഃ
വ്യലിംപദ്ദിവ്യഗന്ധേന
ചന്ദനാഗുരുകുംകുമൈഃ
ധൂപൈഃസുരഭിഭിർ മിത്രം
പ്രദീപാവലിഭിർമ്മുദാ
അർച്ചിത്വാ ഽവേദ്യതാംബൂലം
ഗാം ച സ്വാഗതമബ്രവീത്

*അവനിജ്യ—കഴുകിയിട്ട്
അവനേജനം—കഴുകൽ(or)കാൽ കഴുകാനുള്ള വെള്ളം

കുചൈലം മലിനം ക്ഷാമം
ദ്വിജം ധമനിസംതതം
ദേവീ പര്യചരത്ചൈബ്യാ
ചാമര വ്യജനേന വൈ

അന്തഃപുരജനോദ്ദൃഷ്ട്വാ
കൃഷ്ണേ നാമലകീർത്തിനാ
വിസ്മിതോഽഭൂദതിപ്രീത്യാ
അവധൂതം സഭാജിതം.
കിമനേന കൃതം പുണ്യ-
മവധൂതേനഭിക്ഷുണാ
ശ്രിയാഹീനേനലോകേഽസ്മിൻ
ഗർഹിതേനാധമേന ച.
യോഽസൗത്രിലോകഗുരുണാ
ശ്രീനിവാസേന സംഭൃതഃ
പര്യങ്കസ്ഥാം ശ്രിയം ഹിത്വാ
പരിഷ്വക്തോഽഗ്രജോയഥാ
കഥയാംചക്രതുർഗാഥാഃ
പൂർവ്വാഗുരുകുലേ സതോഃ
ആത്മനോർല്ലളിതാരാജൻ
കരൗ ഗൃഹ്യപരസ്പരം.

ശ്രീഭഗവാനുവാച—

അപിബ്രഹ്മൻഗുരുകുലാദ്
ഭവതാ ലബ്ധ ദക്ഷിണാത്
സമവൃത്തേനധർമ്മജ്ഞ
ഭാര്യോഢാ സദൃശീനവാ?

പ്രായോ ഗൃഹേഷുതേചിത്ത-
മകാമവിഹതം തഥാ

നൈവാതിപ്രീയസേവിദപാൻ
ധനേഷ്യ വിദിതം ഹി മേ

കേചിൽകർവന്തികർമ്മാണി
കാമൈരഹതചേതസഃ
ത്യജന്തഃപ്രകൃതീർദൈവീ.
ര്യഥാഹം ലോകസംഗ്രഹം

കപചിദ്ഗുരുകുലേവാസം
ബ്രഹ്മൻ സ്മരസി നൗ യതഃ
ദിജോ വിജ്ഞായവിജ്ഞേയം
തമസഃ പാരമശ്നുതേ.

സവൈ സൽക്കർമ്മണാം സാക്ഷാദ്
ദിജാതേരിഹസംഭവഃ
ആദ്യോംഗയത്രാശ്രമിണാം
യഥാഹം ജ്ഞാനദോ ഗുരുഃ

നന്വത്ഥകോവിദാബ്രഹ്മൻ
വർണ്ണാശ്രമവതാമിഹ
യേ മയാ ഗുരുണാ വാചാ
തരന്ത്യംജോ*ഭവാർണ്ണവം

നാഹമിജ്യാ പ്രജാതിഭ്യാം
തപസോപശമേനച
തുഷ്യേയം സർവഭൂതാത്മാ
ഗുരുശ്രുശ്രൂഷയായഥാ

അപിനഃസ്മര്യതേബ്രഹ്മൻ
വൃത്തം നിവസതാം ഗുരൗ
ഗുരുദാരൈശ്ചോദിതാനാ-
മിന്ധനാനയനേ കപചിത്

---

*അംജഃ—സ്വഛേന

പ്രവിഷ്ടാനാം മഹാരണ്യ-
*മപർത്തൗസുമഹദ്ദ്വിജ
വാതവർഷമഭൂത്തീവ്രം
നിഷ്ഠുരാഃസ്തനയിത്നവഃ

സൂര്യശ്ചാസ്തംഗതസ്താവത്
തമസാ ചാവൃതാ ദിശഃ
നിമ്നംകൂലംജലമയം
നപ്രാജ്ഞായതകിംചന.

വയം ഭൃശം തത്രമഹാനിലാംബുഭിർ-
നിഹന്യമാനാമുഹുരംബുസംപ്ലവേ
ദിശോഽവിദന്തോഽഥപരസ്പരംവനേ
ഗൃഹീതഹസ്താഃപരിബഭ്രിമാതുരാഃ

ഏതദ്വിദിത്വാഹ്യുദിതേ
രവൗ സാന്ദീപനിർഗ്ഗുരുഃ
അന്വേഷമാണോനഃശിഷ്യാ-
നാചാര്യോപശ്യദാതുരാൻ.

അഹോഹേപുത്രകായൂയ-
മസ്മദർത്ഥേഽതിദുഃഖിതാഃ
ആത്മാവൈപ്രാണിനാംപ്രേഷ്ഠ-
സ്തമനാദൃത്യമത്പരാഃ

ഏതദേവഹിസച്ഛിഷ്യൈഃ
കർത്തവ്യം ഗുരുനിഷ്കൃതം
യദ്വൈവിശുദ്ധഭാവേന
സർവ്വാർത്ഥാത്മാർപ്പണംഗുരൗ.

തുഷ്ടോഽഹം ഭോദ്വിജശ്രേഷ്ഠാഃ
സത്യാഃ സന്തുമനോരഥാഃ

---

*അപർത്തൗ—അപഗതേർത്തൗ—അകാല ഇത്യർത്ഥഃ

*ഛന്ദാംസ്യതാതയാമാനി
ഭവന്ത്വിഹപരത്രച.
ഇത്ഥംവിധാന്യ്ഃനകാനി
വസതാം ഗുരുവേശ്മസു
ഗുരോരനുഗ്രഹേണൈവ
പുമാൻ പൂർണ്ണഃപ്രശാന്തയേ.

ബ്രാഹ്മണ ഉവാച—

കിമസ്മാഭിരനിർവൃത്തം
ദേവദേവജഗദ്ഗുരോ
ഭവതാ സത്യകാമേന
യേഷാംവാസാഗുരാവഭൂത്.
യസ്യച്ഛന്ദോമയംബ്രഹ്മ
ദേഹ ആവപനം വിഭോ
ശ്രേയസാംതസ്യഗുരുഷു
വാസോ ऽത്യന്തവിഡംബനം

അ: 80 കഴിഞ്ഞു.

അദ്ധ്യായം 81

സ ഇത്ഥം ദ്വിജമുഖ്യേന
സഹസംകഥയൻഹരിഃ
സർവ്വഭൂതമയോ ऽഭിജ്ഞഃ
സ്മയമാന ഉവാച തം
ബ്രഹ്മണ്യോ ബ്രാഹ്മണം കൃഷ്ണോ
ഭഗവാൻ പ്രഹസൻ പ്രിയം
പ്രേമ്ണാനിരീക്ഷണേനൈവ
പ്രേക്ഷൻഖലുസതാംഗതിഃ

---

*ഛന്ദാംസി അയാതയാമാനി ഭവന്തു-(ഞാൻ പഠിപ്പിച്ച) ഛന്ദസ്സുകൾ അഗതസാരങ്ങളായി ഭവിക്കട്ടെ (ഫലവത്താകട്ടെ).

ശ്രീ ഭഗവാനുവാച—

"കിമുപായനമാനീതം
ബ്രഹ്മൻമേ ഭവതാ ഗൃഹാത്?
അണ്വപ്യുപാഹൃതംഭക്തൈഃ
പ്രേമ്ണാഭൂര്യേവമേഭവേത്

ഭൂര്യപ്യഭക്തോപഹൃതം
നമേ തോഷായ കല്പതേ
പത്രം പുഷ്പം ഫലം തോയം
യോമേഭക്ത്യാ പ്രയച്ഛതി

തദഹം ഭക്ത്യുപഹൃത-
മശ്നാമിപ്രയതാത്മനഃ.''
ഇത്യുക്തോപിദ്വിജസ്തസ്മൈ
വ്രീഡിതഃപതയേശ്രിയഃ

പൃഥുകപ്രസൃതിംരാജൻ
നപ്രായച്ഛദവാങ്മുഖഃ
സർവ്വഭൂതാത്മദൃക്സാക്ഷാത്
തസ്യാഗമനകാരണം

വിജ്ഞായാചിന്തയന്നായം
ശ്രീകാമോമാഭജത്പുരാ
പത്ന്യാഃപതിവ്രതായാസ്തു
സഖാപ്രിയചികീർഷയാ

പ്രാപ്തോമാമസ്യദാസ്യാമി
സംപദോഽമർത്ത്യദുർല്ലഭാഃ
ഇത്ഥം വിചിന്ത്യവസനാ-
ച്ചീരബദ്ധാൻ ദ്വിജന്മനഃ

സ്വയം ജഹാരകിമിദ-
മിതി പൃഥുകതണ്ഡുലാൻ

നന്വോതദുപനീതം മേ
പരമപ്രീണനം സഖേ
തർപ്പയന്ത്യംഗ മാം വിശ്വ-
മേതേ പൃഥുകതണ്ഡുലാഃ
ഇതി മുഷ്ടിം സകൃജ്ജഗ്ദ്ധ്വാ
ദ്വിതീയം ജഗ്ദ്ധുമാദദേ
താവത് ശ്രീർജഗൃഹേഹസ്തം
തത്പരാ പരമേഷ്ഠിനഃ
ഏതാവതാ ഽലം വിശ്വാത്മൻ
സർവസമ്പത്സമൃദ്ധയേ
അസ്മിംല്ലോക ഽഥവാ ഽമുഷ്മിൻ
പുംസസ്ത്വത്തോഷകാരണം.
ബ്രാഹ്മണസ്താം തു രജനീ-
മുഷിത്വാ ഽച്യുതമന്ദിരേ
ഭുക്ത്വാ പീത്വാസുഖം മേന
ആത്മാനം സ്വർഗ്ഗതംയഥാ
ശ്വോഭൂതേ വിശ്വഭാവേന
സ്വസുഖേനാഭിവന്ദിതഃ
ജഗാമ സ്വാലയം താത
പഥ്യനുവ്രജ്യനന്ദിതഃ
സചാലബ്ധ്വാധനംകൃഷ്ണാ-
ന്നയത്തുയാചിതവാൻസ്വയം
സ്വഗൃഹാൻവ്രീഡിതോ ഽഗച്ഛൻ
മഹദ്ദർശനനിർവൃതഃ
അഹോബ്രഹ്മണ്യദേവസ്യ
ദൃഷ്ടാബ്രഹ്മണ്യതാമയാ
യദ്ദരിദ്രതമോലക്ഷ്മീ-
മാശ്ലിഷ്യോബിഭ്രതോരസി

കചാഹം ദരിദ്രഃപാപീയാൻ
കചകൃഷ്ണഃശ്രീനികേതനഃ
ബ്രഹ്മബന്ധുരിതിസ്മാഹം
ബാഹുഭ്യാംപരിരംഭിതഃ
നിവാസിതഃ പ്രിയാജുഷ്ടേ
പര്യങ്കേഭ്രാതരോയഥാ
മഹിഷ്യാ വീജിതഃശ്രാന്തോ
ബാലവ്യജനഹസ്തയാ
ശുശ്രൂഷയാപരമയാ
പാദസംവാഹനാദിഭിഃ
പൂജിതോ ദേവദേവേന
വിപ്രദേവേനദേവവത്
സ്വർഗ്ഗാപവർഗ്ഗയോഃപുംസാം
രസായാംഭുവിസംപദാം
സർവ്വാസാമപി സിദ്ധീനാം
മൂലം തച്ചരണാർച്ചനം
അധനോ ऽയം ധനം പ്രാപ്യ
മാദ്യന്നുച്ചൈർനമാംസ്മരേത്
ഇതികാരുണികോനൂനം
ധനം മേ ഭൂരി നാദദാത്
ഇതിതച്ചിന്തയന്നന്തഃ
പ്രാപ്തോ നിജ ഗൃഹാന്തികം
സൂര്യാനലേന്ദുസംകാശൈർ-
വിമാനൈഃസർവ്വതോവൃതം
വിചിത്രോപവനോദ്യാനൈഃ
കൂജദ്ദ്വിജകുലാകുലൈഃ
പ്രോത്ഫുല്ലകുമുദാംഭോജ-
കല്ഹാരോൽപലവാരിഭിഃ

ജുഷ്ടം സ്വലംകൃതൈഃപുംഭിഃ
സ്ത്രീഭിശ്ചഹരിണാക്ഷിഭിഃ
ക്രീമിദം കസ്യവാസ്ഥാനം
കഥംതദിദമിത്യഭൃത്
ഏവംമീമാംസമാനംതം
നരാനാര്യോ ഽമരപ്രഭാഃ
പ്രത്യഗൃഹ്ണന്മഹാഭാഗം
ഗീതവാദ്യേനഭൂയസാ
പതിമാഗതമാകർണ്യ
പത്യുദ്ധർഷാ ഽതിസംഭ്രമാ
നിശ്ചക്രാമാഗൃഹാത്തൂർണ്ണം
രൂപിണീ ശ്രീരിവാലയാത്.*
പതിവ്രതാപതിംദൃഷ്ട്വാ
പ്രേമോൽകണ്ഠാശ്രുലോചനാ
മീലിതാക്ഷ്യനമദ്ബുദ്ധ്യാ
മനസാപരിഷസ്വജേ
പത്നീം വീക്ഷ്യ വിസ്ഫുരന്തീം
ദേവീം വൈമാനികീമിവ
ദാസീനാം നിഷ്കകണ്ഠീനാം*
മധ്യേഭാന്തീം സ വിസ്മിതഃ
പ്രീതഃസ്വയം തയായുക്തഃ
പ്രവിഷ്ടോ നിജമന്ദിരം
മണിസ്തംഭശതോപേതം
മഹേന്ദ്രഭവനം യഥാ
പയഃഫേനനിഭാഃശയ്യാ
ദാന്താ രുക്മപരിച്ഛദാഃ

---

*ആലയായത്—കമലവനാത്
നിഷ്കം—സ്വർണ്ണാഭരണം

പര്യങ്കാഹേമദണ്ഡാണി
ചാമരവ്യജനാനിച
ആസനാനിചഹൈമാനി
മൃദ്വപസ്തരണാനിച
മുക്താദാമവിളംബീനി
വിതാനാനി ദ്യുമന്തിച
സ്വച്ഛസ്ഫടികകുഡ്യേഷു
മഹാമാരകതേഷുച
രത്നദീപാൻ ഭ്രാജമാനാൻ
ല്ലലനാരത്നസംയുതാൻ
വിലോക്യബ്രാഹ്മണസ്തത്ര
സമൃദ്ധീഃസർവ്വസംപദാം
തർക്കയാമാസനിർവ്യഗ്രഃ
സ്വസമൃദ്ധിമഹൈതുകീം
നൂനം ബതൈതന്മമദുർഭഗസ്യ
ശശ്വദ്ദരിദ്രസ്യസമൃദ്ധിഹേതുഃ
മഹാവിഭൂതേരവലോകതോऽന്യോ
നൈവോപപദ്യേത യദൂത്തമസ്യ
നന്വബ്രുവാണോദിശതേऽസമക്ഷം
യാചിഷ്ണവേഭൂര്യപിഭൂരിഭോജഃ
പർജ്ജന്യവത്തത്സ്വയമീക്ഷമാണോ
ദാശാർഹകാണാമൃഷഭഃസഖാമേ
കിംചിൽകരോത്യുർവ്വപിയൽസ്വദത്തം
സുഹൃൽകൃതം ഫല്ഗ്വപിഭൂരികാരി
മയോപനീതാം പൃഥുകൈകമുഷ്ടിം
പ്രത്യഗ്രഹീൽ പ്രീതിയുതോമഹാത്മാ.

തസ്യൈവമേ സൗഹൃദസൗഖ്യമൈത്രീ
ദാസ്യംപുനർജ്ജന്മനിജന്മനിസ്യാത്

മഹാനുഭാവേന ഗുണാലയേന
വിഷജ്ജതസ്തൽപുരുഷപ്രസംഗഃ
ഭക്തായചിത്രാഭഗവാൻഹിസംപദോ
രാജ്യംവിഭൂതീർനസമർധ്യതൃജഃ
അദീർഘബോധായ വിചക്ഷണഃസ്വയം
പശ്യന്നിപാതംധനിനാംമദോത്ഭവം
ഇത്ഥം വ്യവസിതോബുദ്ധ്യാ
ഭക്തോഽതീവ ജനാർദ്ദനേ
വിഷയാൻ ജായയാ ത്യക്ഷ്യൻ
ബുഭുജേ നാതിലംപടഃ
തസ്യ വൈ ദേവദേവസ്യ
ഹരേര്യജ്ഞപതേഃപ്രഭോഃ
ബ്രാഹ്മണാഃ പ്രഭവോ ദൈവം
ന തേഭ്യോ വിദ്യതേ പരം
ഏവം സ വിപ്രോഭഗവത്സുഹൃത്തദാ
ദൃഷ്ട്വാസ്വഭൃത്യൈരജിതംപരാജിതം
തദ്ധ്യാനവേഗോദ്ഗ്രഥിതാത്മബന്ധന-
സ്തദ്ധാമലേഭേഽചിരതഃസതാംഗതിം.

# ചോദ്യങ്ങൾ

1. കൃഷ്ണഗാഥയുടെ കൎത്താവിനെപ്പററിയും കാലത്തെപ്പററിയും നിലവിലിരിക്കുന്ന അഭിപ്രായങ്ങൾ പരിശോധിക്കുക.
2. ചെറുശ്ശേരി എന്ന പദത്തെപ്പററിയുള്ള ഭിന്നാഭിപ്രായങ്ങൾ നിരൂപിക്കുക.
3. കൃഷ്ണഗാഥാകാരന്റെ വൎണ്ണനാപാടവം സോദാഹരണം വിശദമാക്കുക.
4. അലങ്കാരപ്രയോഗത്തിൽ കൃഷ്ണഗാഥാകാരന്റെ പാടവത്തിന്നു ഉദാഹരണങ്ങൾ ശേഖരിക്കുക.
5. ചെറുശ്ശേരിയുടെ ഫലിതപരിഹാസങ്ങൾക്കു കുചേലഗതി എത്രത്തോളം ഉദാഹരണമായിട്ടുണ്ടു്?
6. കൃഷ്ണഗാഥാകാരന്റെ കാവ്യരീതിയുടെ പ്രത്യേകതകൾ കുചേലഗതി ഉദാഹരണമാക്കി സംഗ്രഹിക്കുക.

DC Library
*00037069*
T61 P15

## OUR PUBLICATIONS

1. സൗഭദ്രികകഥ.

   Edited by Prof. K. V. R. Pai

2. കല്യാണസൗഗന്ധികം.

   Edited by Prof. K. V. R. Pai

3. ഭീഷ്മപർവ്വം.

   Edited by Prof. Ulahannan Mappilai

4. കുചേല സത്ഗതി.

   Edited by Prof. K. V. R. Pai.

# കുചേലസദ്ഗതി

(കൃഷ്ണഗാഥ)

*By*

Prof. **K. V. RAMACHANDRA PAI**

T 61
P 15

...SHING HOUSE
...ACHERRY-4

Indic Digital Archive Foundation
gpura.org